**സബ്മിഷൻ**

(1) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ആനുകൂല്യങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ സർക്കാർ കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാന സർക്കാർ ജീവനക്കാരോടും അധ്യാപകരോടും പെൻഷൻകാരോടും ചെയ്യുന്ന ക്രൂരമായ അവഗണനയെക്കുറിച്ചാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പുതിയ പേ കമ്മീഷനെ നിയമിക്കാറായി. ആ കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കി തുടങ്ങേണ്ട സമയം ജൂലൈ 1-ാം തീയതിയാണ്. പുതിയ പേ കമ്മീഷനെ ഇതുവരെ നിയമിച്ചിട്ടില്ല. 5 വർഷം മുമ്പുണ്ടായ പേ കമ്മീഷന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക ഇതുവരെ കൊടുത്തിട്ടില്ല. 39 മാസത്തെ ഡി.എ. കൊടുക്കാനുണ്ട്. ഡി.എ. 21 ശതമാനം വന്നപ്പോൾ രണ്ടുശതമാനം മാത്രം കൊടുക്കുമെന്ന് ഉത്തരവ് പുറപ്പെടുവിച്ച് 19 ശതമാനം ഡി.എ.-യെ കുറിച്ച് മൗനം പാലിക്കുകയും ഇനിയത് കിട്ടില്ലെന്ന ഒരു സന്ദേശവുമാണ് ആ ഉത്തരവിലൂടെ കൊടുത്തിരിക്കുന്നത്. അഞ്ചുവർഷമായി ലീവ് സറണ്ടർ കൊടുക്കുന്നില്ല. ആദ്യ രണ്ടുവർഷം ഡെഫർ ചെയ്യുകയും പിന്നീട് പ്രോവിഡന്റ് ഫണ്ടിലേയ്ക്ക്

മാറ്റിക്കൊണ്ട് നാലുവർഷത്തെ ലോക്ക് ഇൻ പിരീഡ് പ്രഖ്യാപിക്കുകയുമാണ് ലീവ് സറണ്ടറിന്റെ കാര്യത്തിൽ സർക്കാർ ചെയ്തത്. സർക്കാർ ജീവനക്കാർക്കുള്ള മെഡിസെപ് പദ്ധതിയിൽ ജീവനക്കാരുടെ കയ്യിൽനിന്ന് കോൺട്രിബ്യൂഷൻ ഈടാക്കി അതിൽനിന്ന് സർക്കാർ 300 കോടിയിൽപ്പരം രൂപയുടെ ലാഭമുണ്ടാക്കുകയും മെഡിസെപിന്റെ ആനുകൂല്യങ്ങൾ പ്രധാനപ്പെട്ട രോഗങ്ങളുടെ ചികിത്സയ്ക്ക് ലഭിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ്. നല്ല ആശുപത്രികൾ മെഡിസെപിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടില്ല. വലിയ തുകയാണ് സർക്കാർ ജീവനക്കാർക്ക് കൊടുക്കാനുള്ളത്. ക്ഷാമബത്ത കുടിശ്ശിക കൊടുക്കാനുള്ളത് പതിനയ്യായ്യിരം കോടി രൂപയാണ്. അഞ്ച് വർഷത്തെ ലീവ് സറണ്ടർ ആനുകൂല്യം പതിനാലായിരം കോടി രൂപയാണ്. പേ റിവിഷൻ കുടിശ്ശിക ആറായിരം കോടി രൂപയാണ്. ജീവനക്കാർക്ക് കുടിശ്ശിക ഇനത്തിൽ മൊത്തം കൊടുക്കാനുള്ളത് മുപ്പത്തയ്യായിരം കോടി രൂപയാണ്. സർവ്വീസ് പെൻഷൻകാർക്ക് ഡി.ആർ. കുടിശ്ശിക ഇനത്തിൽ ആറായിരം കോടി രൂപയും പെൻഷൻ പരിഷ്കരണ കുടിശ്ശിക ഇനി കൊടുക്കാനുള്ളത് ആയിരം കോടി രൂപയാണ്. ജീവനക്കാർക്കും അധ്യാപകർക്കും കൂടി മുപ്പത്തിയയ്യായിരം കോടി

രൂപയും പെൻഷൻകാർക്ക് ഏഴായിരം കോടി രൂപയുമുൾപ്പെടെ നാൽപ്പത്തിരണ്ടായിരം കോടി രൂപയുടെ ബാധ്യതയാണ് സർക്കാരിനുള്ളത്. ഒരു ലക്ഷത്തിലധികം പെൻഷൻകാർ ഈ പെൻഷൻ പരിഷ്കരണ കുടിശ്ശിക (ഡി.ആർ.കുടിശ്ശിക) കിട്ടാതെ മരണപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ക്രൂരമായ അവഗണനയാണ് ജീവനക്കാരോട് കാണിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഇന്ന് സെറ്റോയുടെ (The State Employees and Teachers Organisation (SETO) ) നേതൃത്വത്തിൽ നിയമസഭാ മാർച്ച് നടത്തുകയാണ്. സർക്കാരിന് ഈ വിഷയത്തിൽ പറയാനുള്ളത് ഈ സഭയിൽ പ്രഖ്യാപിക്കുമെന്ന് ഞാൻ കരുതുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ആനുകൂല്യങ്ങളിൽ ഉൾപ്പെടാത്ത മെഡിസെപിന്റെ കാര്യം ഇതിനകത്ത് സൂചിപ്പിക്കുകയുണ്ടായി. അതിനെക്കുറിച്ച് പ്രത്യേകമായി പരാമർശിക്കാം. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങളുടെ കാര്യത്തിൽ 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് ജീവനക്കാർക്കും സർവ്വീസ് പെൻഷൻകാർക്കും

11-03-2024-ലെ സർക്കാർ ഓർഡറുകൾ പ്രകാരം ഒരു ഗഡു ക്ഷാമബത്ത, ക്ഷാമാശ്വാസം 2024 ഏപ്രിൽ മാസത്തെ ശമ്പളത്തിനോടൊപ്പം അനുവദിച്ചിട്ടുണ്ട്. തുടർന്നും സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്.

അദ്ദേഹം ഇവിടെ സൂചിപ്പിച്ച ലീവ് സറണ്ടറിനെ സംബന്ധിച്ച്, കോവിഡ്-19-ന്റെ വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 2020-21 മുതൽ നടപ്പ് സാമ്പത്തിക വർഷം വരെ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ നിയന്ത്രണങ്ങളുടെ പരിധിയിൽനിന്ന് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, സബോർഡിനേറ്റ് സർവ്വീസിലെ ഓഫീസ് അറ്റൻഡന്റുമാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർ തുടങ്ങിയവരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ഇവർക്കും പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ഇല്ലാത്ത ജീവനക്കാർക്കും

ഇ.പി.എഫ്.-ന്റെ പരിധിയിൽവരുന്ന ജീവനക്കാർക്കും ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ നിലവിൽ പണമായി അനുവദിക്കുന്നുണ്ട്. പി.എഫ്. അക്കൗണ്ടുള്ള ജീവനക്കാർക്ക് ഈ തുക വ്യവസ്ഥകൾക്ക് വിധേയമായി പി.എഫ്.-ൽ ലയിപ്പിക്കാനും അനുവാദമുണ്ട്. ഈ നിയന്ത്രണങ്ങൾ ഒന്നുംതന്നെ ആർജ്ജിതാവധിയുടെ ടെർമിനൽ സറണ്ടർ അനുവദിക്കുന്നതിന് ബാധകമല്ല. നടപ്പ് സാമ്പത്തിക വർഷത്തെ ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 16-03-2024-ന് ഒരു പ്രത്യേക ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപോലെ ശമ്പള പരിഷ്കരണ സമയത്ത് പെൻഷൻ കുടിശ്ശിക നാല് ഗഡുക്കളായാണ് കൊടുക്കുമെന്ന് പറഞ്ഞിരുന്നത്. അതിൽ മൂന്ന് ഗഡുക്കളും കൊടുത്തിട്ടുണ്ട്. കഴിഞ്ഞ മാർച്ച് മാസത്തിലാണ് ഒരു ഗഡു ഏറ്റവും അവസാനമായി കൊടുത്തത്. ഇനി ഒരു ഗഡുകൂടിയാണ് കൊടുക്കാനുള്ളത്. ആ മേഖലയിൽ 600 കോടി രൂപയുടെ കത്താണ് കൊടുക്കാനുള്ളത്. ബാക്കിയുള്ളതെല്ലാം കൊടുത്തിട്ടുണ്ട്. ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഭാഗമായി 4 ഗഡുവായി പി.എഫ്.-ൽ കൊടുക്കുമെന്ന് പറഞ്ഞത് നീട്ടി

വച്ചിട്ടുണ്ട്. ജീവനക്കാർക്ക് കുടിശ്ശിക പി.എഫ്.-ൽ ചേർത്തുകൊടുക്കുമെന്നുള്ളതിനകത്ത് യാതൊരു നിലപാട് വ്യത്യാസവുമില്ല. മെഡിസെപ്പുമായി ബന്ധപ്പെട്ട് ഉന്നയിച്ച കാര്യങ്ങൾ, അങ്ങ് അതിനെപ്പറ്റി പഠിച്ചതിനുശേഷം ആ സ്റ്റേറ്റ്മെന്റ് പിൻവലിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതുമായി ബന്ധപ്പെട്ട് തർക്കങ്ങൾക്കും വഴക്കിനുമൊന്നും ഞാനില്ല. കാരണം മെഡിസെപ് എന്ന ഇൻഷ്വറൻസ് പദ്ധതി രണ്ടാം പിണറായി സർക്കാർ നടപ്പാക്കിയ ഒരു സംവിധാനമാണ്. ആ പദ്ധതിയിൽ മാസം 500 രൂപ എന്ന നിരക്കിലാണ് ജീവനക്കാരിൽനിന്നും ഈടാക്കുന്നത്. ദേശസാൽകൃത ഇൻഷ്വറൻസ് കമ്പനിയാണ് ആ പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. സർക്കാർ നേരിട്ട് പണം കൊടുത്തുകൊണ്ടല്ല ഈ പദ്ധതി നടത്തുന്നത്. ഈ സംവിധാനത്തിൽ സർക്കാർ ഒരു ഇടപെടലുകളും നടത്താറുമില്ല. ഇതൊരു ഇൻഷ്വറൻസ് സംവിധാനമാണ്. അതിൽ ആ കമ്പനിക്ക് ഒരു വർഷം നൽകാമെന്ന് പറഞ്ഞതിനേക്കാൾ അധികം തുക നൽകേണ്ടതായി വന്നിട്ടുണ്ട്. അവർ ക്ലെയിം നൽകുന്നില്ലെന്നത് സംബന്ധിച്ച് നേരത്തെ ധാരാളം പരാതികൾ വന്നിട്ടുണ്ട്, അക്കാര്യം പരിശോധിച്ചു. ഇപ്പോൾ ആശുപത്രികളിൽ ചികിത്സയിൽ

കഴിയുന്നവരുടെ 97 ശതമാനം ക്ലെയിമുകളും തീർപ്പാക്കിയിട്ടുണ്ടെന്ന് കഴിഞ്ഞ ദിവസം ഉന്നയിച്ച ചോദ്യത്തിനുള്ള മറുപടിയിൽ നൽകിയിട്ടുണ്ട്. ആ കമ്പനിക്ക് നൽകിയ തുകയേക്കാൾ അധികരിച്ച തുക നൽകേണ്ടതായിവന്നിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അഞ്ഞൂറ്റി ചില്ല്വാനം കോടി രൂപ അവർക്ക് ലഭിക്കുമ്പോൾ എഴുന്നൂറ്റി ചില്ല്വാനം കോടി രൂപ അവർ ചെലവാക്കിയിട്ടുണ്ടെന്നാണ് ആദ്യ വർഷത്തെ കണക്കുകളിൽനിന്നും മനസ്സിലായത്. ഈ തുകയിൽനിന്നും എങ്ങനെയാണ് സർക്കാർ എടുക്കുന്നത്? അങ്ങയെപ്പോലെ ഉത്തരവാദിത്വമുള്ള പ്രതിപക്ഷ നേതാവ് ഇങ്ങനെ പറയാമോ? പ്രതിപക്ഷവും ഭരണപക്ഷവുമെല്ലാം ഗവൺമെന്റിന്റെ രണ്ട് വശങ്ങൾ തന്നെയാണ്. ഈ തുകയിൽനിന്നും 300 കോടി രൂപ സർക്കാർ ലാഭമുണ്ടാക്കുന്നുണ്ടെന്ന് അങ്ങ് പറഞ്ഞു. സർക്കാരിന് അതിൽനിന്നും ലാഭമെടുക്കേണ്ടതിന്റെ ആവശ്യകതയെന്താണ്?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ആറായിരം രൂപയാണ് ഒരു വർഷത്തിൽ ജീവനക്കാരനിൽനിന്നും ഈടാക്കുന്നത്. അതിൽനിന്നും നിങ്ങൾ ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നത് 5,400 രൂപയാണ്. ബാക്കി 600 രൂപ ഗവൺമെന്റ്

സേവ് ചെയ്യുന്നതിലൂടെ ആകെ 40 കോടി രൂപ സർക്കാരിലേയ്ക്ക് പോകുകയാണ്, എന്തിനാണ് അങ്ങനെ ചെയ്യുന്നത്?

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷനിൽ ഡിബേറ്റില്ല, മറുപടി പറഞ്ഞാൽ മതി.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് ബഡ്ജറ്റ് സെഷനാണ്. അതുകൊണ്ട് ഇതെല്ലാം വിശദമായി സംസാരിക്കാനുള്ള അവസരമുണ്ട്, പക്ഷെ ഞാൻ അതിലേയ്ക്ക് പോകുന്നില്ല. Catastrophic രോഗങ്ങളായ ഹൃദയം മാറ്റിവയ്ക്കൽ, മുട്ടുമാറ്റിവയ്ക്കൽ, കിഡ്നി മാറ്റി വയ്ക്കൽ തുടങ്ങിയ ശസ്ത്രക്രിയകൾക്കായി ഒരു വർഷം 31 കോടിയോളം രൂപ പ്രത്യേക ഫണ്ടായി മാറ്റിവയ്ക്കാറുണ്ട്. ആ തുകയുടെ പരിധി കഴിഞ്ഞാലും അധിക തുക പിന്നേയും അനുവദിക്കുന്നുണ്ട്. ഈയിനത്തിൽ 32 കോടി രൂപ മാറ്റിവച്ചതിൽ 31 കോടി രൂപയും മുട്ടുമാറ്റിവെയ്ക്കുന്നതിനായി ചെലവഴിച്ചു. മുട്ടുമാറ്റിവയ്ക്കുന്നത് ഗവൺമെന്റ് മെഡിക്കൽ കോളേജ്/ജില്ലാ ആശുപത്രികൾ വഴിയാകണമെന്ന് നിഷ്കർഷിച്ചിരുന്നു, ഇതിനുള്ള പണമെല്ലാം ഈ ഫണ്ടിൽനിന്നും നൽകുന്നുമുണ്ട്. ഇങ്ങനെയൊരു സ്കീം കേരളത്തിലല്ലാതെ ലോകത്ത് ഒരിടത്തും

നടപ്പാക്കിയിട്ടില്ല. മെഡിസെപ്പുമായി ബന്ധപ്പെട്ട് കരാറിലേർപ്പെടുന്നതിനായി വീണ്ടും ടെണ്ടർ വിളിക്കുന്നതിനുള്ള സമയമായിട്ടുണ്ട്. ഈ സ്കീമുമായി ബന്ധപ്പെട്ട് പിരിച്ചെടുക്കുന്ന മുഴുവൻ തുകയും ഇൻഷ്വറൻസ് കമ്പനിക്ക് നൽകുകയെന്നുള്ളതല്ലാതെ മറ്റൊരു ചിന്തയും സർക്കാരിന്റെ ഭാഗത്തില്ല. മാറ്റിവയ്ക്കുന്ന പണം Catastrophic രോഗങ്ങൾക്കുവേണ്ടി എഗ്രിമെന്റ് അനുസരിച്ച് നൽകുന്ന തുകയാണെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങയുടെ സ്റ്റേറ്റ്മെന്റ് പോകുന്നത് ഇങ്ങനെയൊരു സ്ഥലത്തേയ്ക്കല്ല, അത് നേരെ പോകുന്നത് സോഷ്യൽ മീഡിയയിലേയ്ക്കാണ്. മെഡിസെപ് സ്കീമിൽനിന്നും 300 കോടി രൂപ സർക്കാർ അടിച്ചുമാറ്റുന്നുവെന്ന് പറഞ്ഞാൽ അത് കേരളത്തിനുതന്നെ പേരുദോഷം വരുത്തുമെന്നുള്ളതുകൊണ്ടാണ് അങ്ങയുടെ സ്റ്റേറ്റുമെന്റിനെ കറക്റ്റ് ചെയ്യാൻ ശ്രമിച്ചത്. ഇത് കഴിച്ചുള്ള ബാക്കി മുഴുവൻ തുകയും ഇൻഷ്വറൻസ് കമ്പനിക്കാണ് നൽകുന്നത്. നമുക്ക് എന്തുകൊണ്ടാണ് ഇങ്ങനെയൊരു സാഹചര്യം വന്നതെന്ന് നമ്മൾ ചർച്ച ചെയ്യുന്നതാണ്. പ്രകൃതി ദുരന്തങ്ങളും, നോട്ടുനിരോധനവും കേന്ദ്ര ധനകാര്യ കമ്മീഷനുകളുടെ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽവന്ന മാറ്റവുമെല്ലാം

സംസ്ഥാനത്തിനുണ്ടാക്കിയ വരുമാനക്കുറവ് വളരെ പ്രധാനപ്പെട്ടതാണ്. ഇതുപോലുള്ള കാര്യങ്ങളിലെ കേന്ദ്ര നിലപാട്, അതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നും പണം ലഭിക്കാനുള്ള കാലതാമസം, ഇതെല്ലാം സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പബ്ലിക് അക്കൗണ്ടന്റിന്റെ ഭാഗമായും കിഫ്ബിയുടെയും മറ്റും പേരിൽ വരുത്തിയ വെട്ടിക്കുറയ്ക്കലിന്റെ ഫലമായുമൊക്കെ പ്രതിസന്ധിയുണ്ടായിട്ടുണ്ട്. കോവിഡ് കാലത്ത് ജി.എസ്.ഡി.പി-യുടെ അഞ്ച് ശതമാനംവരെ വായ്പയെടുക്കുന്നതിനുള്ള അവകാശമുണ്ടായിരുന്നു. പിന്നീടത് ഘട്ടംഘട്ടമായി വെട്ടിക്കുറച്ച് മൂന്നര ശതമാനമായി കുറച്ചിട്ടുണ്ട്. ആ നിരക്ക് 2022-23-ൽ 2.44 ശതമാനമായി കുറവ് വരുത്തിയിട്ടുണ്ട്. റിസർവ് ബാങ്കിന്റെ കണക്കുപ്രകാരം ആ വർഷം വായ്പയെടുക്കാൻ അനുവദിച്ച 19,000 കോടി രൂപയാണ് വെട്ടിക്കുറച്ചത്. തൊട്ടുമുമ്പത്തെ വർഷം ഈ കഴിഞ്ഞ മാർച്ച് മാസംവരെ 2.8 ശതമാനം മാത്രമെ കടമെടുക്കാൻ അനുവദിച്ചിരുന്നുള്ളൂ. അതുകാരണവും എണ്ണായിരം കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. അതോടൊപ്പംതന്നെ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ 2023-24-ലെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക

കണക്കനുസരിച്ച് നമുക്ക് തരാനുള്ള ഗ്രാന്റിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം 13,000 കോടി രൂപയുടെ കുറവാണ് വരുത്തിയിട്ടുള്ളത്. പ്രതിപക്ഷം നിയമസഭയ്ക്കകത്തും പുറത്തും എന്തുവേണമെങ്കിലും പറഞ്ഞുകൊള്ളട്ടെ. കാരണം അത് രാഷ്ട്രീയമാണ്. പക്ഷെ ഇന്ത്യയിൽ ഏറ്റവും നന്നായി ഫിസ്കൽ കൺസോളിഡേഷൻ വരുത്തിയ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കേരളത്തിലെ കഴിഞ്ഞ പത്തോ അമ്പതോ വർഷത്തെ ചരിത്രം പരിശോധിച്ചാൽ, ധനപരമായ കാര്യങ്ങളിൽ ബെറ്ററായ പൊസിഷനിലാണ് നാം. ഇത്രയും കുറവുകൾ വരുത്തിയിട്ടും നമുക്ക് സാമ്പത്തികമായി പിടിച്ചുനിൽക്കാൻ കഴിഞ്ഞുവെന്നുള്ളത് സംബന്ധിച്ച് റിസർവ് ബാങ്കിന്റെയും എ.ജി.-യുടെയും കണക്കുകളിലെല്ലാം വ്യക്തമാക്കുന്നുണ്ട്. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശമ്പള പരിഷ്കരണം ഇന്ത്യയിൽ എത്ര സംസ്ഥാനങ്ങൾക്ക് നടപ്പാക്കാൻ സാധിച്ചു? രണ്ടോ മൂന്നോ സംസ്ഥാനങ്ങൾ മാത്രമെ നടപ്പാക്കിയിട്ടുള്ളൂ. കേന്ദ്ര ഗവൺമെന്റ് പോലും നടപ്പാക്കിയിട്ടില്ല. കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കേണ്ട കാര്യമാണ് പറയുന്നത്. ജീവനക്കാർക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്തതിൽ

പ്രയാസമുണ്ടാകും. ഇന്ത്യയിൽ രണ്ടുമൂന്ന് സംസ്ഥാനങ്ങളൊഴികെ മറ്റൊരിടത്തും ശമ്പളപരിഷ്കരണം നടപ്പാക്കിയിട്ടില്ല. കഴിഞ്ഞ ദിവസം മാധ്യമങ്ങളിൽവന്ന വാർത്തയനുസരിച്ച് ഇന്ത്യയിലെ പി.എസ്.സി. നിയമനങ്ങളുടെ അറുപത് ശതമാനവും നടന്നത് കേരളത്തിലാണ്. പി.എസ്.സി. നിയമനങ്ങൾ ഇവിടെ മാത്രമെ നടക്കുന്നുള്ളൂ. അങ്ങനെയുള്ള ഒരു സ്ഥലത്ത് ഇതുപോലെയുള്ള സൗകര്യങ്ങൾ നൽകുന്നുണ്ടെന്നത് ഒരു ചെറിയ കാര്യമല്ല. കഴിഞ്ഞ ശമ്പള പരിഷ്കരണം നടപ്പാക്കിയത് 2021 ഏപ്രിൽ മുതലാണ്. അതിന് തൊട്ടുമുമ്പുള്ള വർഷത്തെ ആന്വൽ എക്സ്പെൻഡിച്ചർ 1,38,000 കോടി രൂപയായിരുന്നുവെങ്കിൽ 1,63,000 കോടി രൂപ ചെലവായത് ഈ സർക്കാർ അധികാരമേറ്റ ആദ്യ വർഷമാണ്. ആ പണമെല്ലാം കൃത്യമായി കൊടുത്തിട്ടുണ്ട്. 2017 മുതലുള്ള ഡി. എ. കുടിശ്ശിക ഒരുമിച്ചാണ് നൽകിയത്. കുറച്ച് രാഷ്ട്രീയമെല്ലാം ചേർത്ത് പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോഴും ശമ്പളക്കുടിശ്ശികയും ഡി.എ.-യുമൊന്നും നൽകാതിരുന്ന ഒരു കാലമുണ്ടായിരുന്നുവെന്ന് അദ്ദേഹം ഓർക്കണം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇങ്ങനെയുള്ള സന്ദർഭങ്ങളെല്ലാമുണ്ടായിട്ടും എല്ലാ ആനുകൂല്യങ്ങളും

കൃത്യ സമയത്ത് അനുവദിച്ച ഒരു സർക്കാരാണിത്. ഇങ്ങനെ വലിയ തോതിലുള്ള വെട്ടിക്കുറവുകൾ വരുത്തിയിട്ടും ജീവനക്കാർക്ക് നൽകാനുള്ള അർഹമായ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ശ്രമം സർക്കാർ നടത്തുന്നുണ്ട്, നൽകണമെന്നുള്ള നിലപാട് തന്നെയാണ് സർക്കാരിനുള്ളത്. അതുകൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള വലിയ ശ്രമം നടക്കുന്നുണ്ട്. ഫിസ്കൽ കൺസോളിഡേഷൻ എന്ന് പറഞ്ഞാൽ, നമ്മുടെ വാർഷിക കടമെടുപ്പിൽത്തന്നെ നല്ല കുറവ് വന്നിട്ടുണ്ട്. കുറെ സഹായങ്ങൾ കേന്ദ്ര ഗവൺമെന്റ് അനുവദിക്കാത്തതുകൊണ്ടാണ്. ഇപ്പോൾ സംസ്ഥാനത്തിന്റെ ധനസ്ഥിതി കുറച്ചുകൂടി മെച്ചപ്പെട്ടുവരുന്നുണ്ട്. അതുകൊണ്ട് സമീപ ഭാവിയിൽത്തന്നെ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുകയെന്നതുതന്നെയാണ് സർക്കാരിന്റെ നിലപാട് അതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നുള്ള വിവരം അങ്ങയെ അറിയിക്കുകയാണ്.

(2) ഇരിക്കൂറിൽ പുതിയ ഫയർസ്റ്റേഷൻ

ശ്രീ. സജീവ് ജോസഫ്: സർ, കണ്ണൂർ ജില്ലയിൽ കർണ്ണാടക വനാതിർത്തിയോട് ചേർന്നുകിടക്കുന്ന അതിവിസ്തൃതമായ ഇരിക്കൂർ നിയോജകമണ്ഡലത്തിന്റെ ആസ്ഥാനമായ ശ്രീകണ്ഠാപുരത്ത് ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ളതാണ് സബ്മിഷൻ. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പ്രകൃതി ദുരന്തങ്ങളും അപകടങ്ങളും അഗ്നിബാധയും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള ഈ പ്രദേശത്ത് ഒരു ഫയർ സ്റ്റേഷൻ അനിവാര്യമാണെന്ന് സർക്കാർ ഏജൻസികൾതന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകുകയും അത് പരിശോധിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പക്ഷെ, അതിനുള്ള സ്ഥലം കണ്ടെത്തിയെങ്കിലും തുടർ നടപടികൾ ഇതുവരേയും സ്വീകരിച്ചിട്ടില്ല. നിലവിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ഇല്ല. അപകടങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിൽ 30-40 കിലോമീറ്റർ ദൂരത്തുള്ള മട്ടന്നൂർ, ഇരിട്ടി, തളിപ്പറമ്പ് എന്നിവിടങ്ങളിലെ ഫയർ സ്റ്റേഷനുകളെയാണ് ആശ്രയിക്കേണ്ടിവരുന്നത്. മണിക്കൂറുകൾ കഴിഞ്ഞാണ് രക്ഷാസേനയ്ക്ക് ദുരന്തമുഖത്ത് എത്താൻ സാധിക്കുന്നത്. താരതമ്യേന ചെറിയ നിയോജകമണ്ഡലങ്ങളിൽപ്പോലും

രണ്ട് ഫയർ സ്റ്റേഷനുകൾ ഉണ്ടെന്നിരിക്കെ ദുരന്ത സാഹചര്യം ഏറ്റവും കൂടുതലുള്ള വിസ്തൃതമായ മണ്ഡലങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. കഴിഞ്ഞ വർഷങ്ങളിൽ തോട്ടങ്ങളിലും ടൂറിസം കേന്ദ്രങ്ങളിലുമുണ്ടായിട്ടുള്ള അഗ്നിബാധമൂലം കാർഷിക വിളകളും അത്യപൂർവ്വ ഔഷധ സസ്യങ്ങളും പക്ഷി മൃഗാദികളുമെല്ലാം വെന്തുവെണ്ണീറാകുന്ന ദയനീയമായ അവസ്ഥയാണുള്ളത്. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ വിദ്യാർത്ഥികളുൾപ്പെടെ ഇരുപത് പേരാണ് പുഴയിൽ കുളിക്കാനിറങ്ങിയപ്പോൾ ഒഴുക്കിൽപ്പെട്ട് മുങ്ങിമരിച്ചത്. തക്കസമയത്ത് അഗ്നി രക്ഷാ സേനയ്ക്ക് അവിടെ എത്താൻ സാധിച്ചാൽ ഈയൊരു ദുരന്തം കുറയ്ക്കാനും ചില ജീവനുകളെയെങ്കിലും രക്ഷിക്കാനും സാധിക്കുമായിരുന്നു. അതിനാൽ ഒട്ടും വൈകാതെതന്നെ ഇരിക്കൂർ മണ്ഡലത്തിൽ ശ്രീകണ്ഠാപുരം ആസ്ഥാനമായി ഒരു ഫയർ സ്റ്റേഷൻ അനുവദിച്ച് ഉത്തരവുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സംസ്ഥാനത്ത് ദുരന്ത സാധ്യത കണക്കിലെടുത്ത് മുൻഗണന നൽകേണ്ട സ്ഥലങ്ങളിൽ പുതിയ അഗ്നിരക്ഷാ നിലയങ്ങൾ ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. ഇരിക്കൂർ പ്രദേശത്ത് ആവശ്യമായ സന്ദർഭങ്ങളിൽ, ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ തളിപ്പറമ്പ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്നാണ് അഗ്നിരക്ഷാ സേനയുടെ സേവനം ലഭ്യമാക്കി വരുന്നത്. അനുമതി നൽകിയ സ്ഥലങ്ങളിൽ അഗ്നിരക്ഷാ നിലയങ്ങൾ ആരംഭിച്ചശേഷം ആവശ്യകതയ്ക്കനുസരിച്ച് പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(3) തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ഭൂചലനം

ശ്രീ. എ. സി. മൊയ്തീൻ: ഈ മാസം 15-ാം തീയതി രാവിലെ 8.15-നും പിറ്റേ ദിവസം പുലർച്ചെ 3.55-നുമായി രണ്ട് സമയങ്ങളിൽ കുന്നംകുളം നിയോജക മണ്ഡലത്തിൽ വളരെ വ്യാപകമായും വടക്കാഞ്ചേരി, ചേലക്കര, മണലൂർ, ഗുരുവായൂർ നിയോജക മണ്ഡലങ്ങളിലെ വിവിധ പ്രദേശങ്ങളിലും പാലക്കാട് ജില്ലയിലെ തൃത്താല നിയോജക മണ്ഡലത്തിന്റെ ഭാഗത്തുമെല്ലാം ഭൂചലനം അനുഭവപ്പെടുകയുണ്ടായി. രണ്ട് ദിവസം തുടരെ ഭൂചലനമുണ്ടായി എന്നുള്ളതുകൊണ്ടുതന്നെ ആളുകൾ വളരെയധികം ഭയാശങ്കയിലാണ്.

ഗുരുതരമായ നാശനഷ്ടങ്ങൾ ഉണ്ടായില്ല. ചില വീടുകൾക്ക് വിള്ളലുകളുണ്ടായി താമസിക്കാൻ കഴിയാത്ത സ്ഥിതിയിലായിട്ടുണ്ട്.

ഈ മേഖലയിൽ 1994 മുതൽ മൂന്നൂറിലേറെ ഭൂചലനങ്ങൾ ഉണ്ടായി എന്നാണ് ലഭ്യമായ വിവരം. ഭൂചലനങ്ങൾ നേരത്തെ പ്രവചിക്കാനാവില്ലെങ്കിലും ഇത് കഴിഞ്ഞതിനുശേഷമുണ്ടായ നമ്മുടെ പഠനത്തിന്റെ പല റിപ്പോർട്ടുകളുമുണ്ട്. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹായത്തോടുകൂടിയുള്ള തിരുവനന്തപുരം ഭൗമ ശാസ്ത്ര പഠന കേന്ദ്രം, നാഷണൽ സെന്റർ ഓഫ് എർത്ത് സയൻസ്, ഹൈദരാബാദിലെ നാഷണൽ ജിയോഗ്രഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവയെല്ലാം ഈ മേഖലയിൽ പഠനം നടത്തിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരു ഭൂചലന മേഖലയിൽ മുമ്പ് കണ്ടെത്തിയത്, ഭാരതപ്പുഴയുടെ ദിശാമാറ്റമുള്ള ഒഴുക്കും മറ്റുമായി ദേശമംഗലം ആസ്ഥാനമായുള്ള പ്രഭവ കേന്ദ്രത്തിൽനിന്നാണ് ഇത് ഉണ്ടാകുന്നതെന്നാണ്. പക്ഷേ, ഇപ്പോൾ വേറെ സ്ഥലവും പ്രഭവ കേന്ദ്രമായിട്ടുണ്ടെന്ന് കേൾക്കുന്നു. തുടരെ ചലനങ്ങൾ ഉണ്ടാകുന്നു എന്നുള്ളതുകൊണ്ടുതന്നെ ഈ പ്രദേശത്തെ ജനങ്ങളുടെ ആശങ്ക പരിഹരിക്കാനും ഇപ്പോഴുണ്ടായ ഭൂചലനത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക്

നഷ്ടപരിഹാരം നൽകാനും ഈ ഭൂചലന മേഖലയിൽ നടക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങളും പ്രകൃതിയിലെ ഇടപെടലുകളും ഏത് രീതിയിലാകണമെന്നുള്ള ശാസ്ത്രീയമായ പഠനം നടത്തി ജനങ്ങളെ ബോധവൽകരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം എന്നതാണ് എന്റെ ആവശ്യം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ജൂൺ 15, 16 തീയതികളിൽ അനുഭവപ്പെട്ട ഭൂകമ്പങ്ങളുടെ പ്രഭവ കേന്ദ്രങ്ങളും ഭൂകമ്പം അനുഭവപ്പെട്ടു എന്ന് പൊതുജനങ്ങൾ അറിയിച്ച സ്ഥലങ്ങളും പരിശോധിച്ചതിൽ, കേരളത്തിലെ പെരിയാർ ഭ്രംശപാളി, കേരള ഭ്രംശപാളി എന്നിവയുമായി ബന്ധപ്പെട്ട ചെറു ചലനമാണ് ഇവയെന്നും നിരന്തരം ചെറു ചലനങ്ങൾ ഉണ്ടാകുന്ന ദേശമംഗലം പ്രദേശത്തോട് ചേർന്ന പ്രദേശങ്ങളാണ് ഇവയെന്നും വ്യക്തമായിട്ടുണ്ട്.

15-06-2024-ന് ഉണ്ടായ ഭൂകമ്പം 10.55 N, 76.05E എന്ന അക്ഷാംശം രേഖാംശത്തിൽ, വെൺമനാട് എം.എ.എസ്.എം. സ്കൂളിന് തെക്ക് പടിഞ്ഞാറ് 500 മീറ്റർ മാറി, പുഴക്കരയോട് ചേർന്ന്, ഭൂമിയുടെ ഉപരിതലത്തിൽനിന്നും 7

കി.മീ. ആഴത്തിൽ മെർക്കാലി അളവുകോലിൽ 3 തീവ്രതയിലാണ് ഉണ്ടായത്. 16-06-2024-ന് ഉണ്ടായ ഭൂകമ്പം നേരത്തെ പറഞ്ഞതിൽനിന്ന് ഏതാണ്ട് അടുത്തുനിൽക്കുന്ന വിധത്തിൽ 10.68N, 76.20E എന്ന അക്ഷാംശം രേഖാംശത്തിൽ, മുട്ടിക്കൽ അങ്കണവാടിക്ക് വടക്ക് പടിഞ്ഞാറ് 120 മീറ്റർ മാറി, ഭൂമിയുടെ ഉപരിതലത്തിൽനിന്നും 10 കി.മീ. ആഴത്തിൽ മെർക്കാലി അളവുകോലിൽ 2.9 തീവ്രതയിലാണ് ഉണ്ടായത്. ഭൂചലനം നിലവിൽ പ്രവചന സംവിധാനങ്ങളുള്ള ഒരു പ്രകൃതി പ്രതിഭാസം അല്ലെന്നത് ബഹുമാനപ്പെട്ട അംഗം തന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

തൃശ്ശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിൽപ്പെട്ട എരുമപ്പെട്ടി, പഴഞ്ഞി മേഖലയിൽ നേരിയ ഭൂചലനം 15-06-2024 തീയതിയിൽ രാവിലെ 8.15-ഓടുകൂടി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഏകദേശം 4 സെക്കന്റ് നീണ്ടുനിന്ന മുഴക്കത്തോട് കൂടിയ പ്രകമ്പനമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നാഷണൽ സെന്റർ ഫോർ സീസ്മോളജിയുടെ (എൻ.സി.എസ്.) ഔദ്യോഗിക വെബ്സൈറ്റിൽ 3.0 തീവ്രതയുള്ള ഭൂചലനമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുള്ളതും

തഹസിൽദാരോടും ജില്ലാ ജിയോളജിസ്റ്റിനോടും സ്ഥലം സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

16-06-2024 തീയതിയിൽ രാവിലെ 03.55-ന് വീണ്ടും ഭൂചലനം ഉണ്ടായതായി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന്, സ്ഥിതി വിലയിരുത്തി ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതിനായി വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം 16-06-2024-ന് ഉച്ചയ്ക്ക് 12.00 മണിക്ക് റവന്യൂ വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻതന്നെ പങ്കെടുത്തുകൊണ്ട് ചേരുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കുന്നംകുളം താലൂക്കിലെ എരുമപ്പെട്ടി, പഴഞ്ഞി മേഖലയിൽ 15-06-2024-ന് രാവിലെ 08.15-ഓടുകൂടി ഉണ്ടായതായ ഭൂചലനം നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് 3.0 ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് ഒരു മുഴക്കത്തോടുകൂടി 4 സെക്കന്റ് മാത്രം നീണ്ടുനിന്നിട്ടുള്ളതാണ്.

നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ദേശമംഗലം മുതൽ ഇടുക്കി വരെ നീളുന്ന ഭ്രംശമേഖലയിൽ നേരത്തെയും ചലനങ്ങൾ ഉണ്ടായിട്ടുള്ളതാണ്. ഭൂചലനത്തിൽ ആദ്യം 3.0-ഉം ശേഷം 2.9-ഉം

രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ആശങ്കപ്പെടേണ്ട സാഹചര്യം നിലവിലില്ല. നമ്മുടെ മാഗ്നിറ്റ്യൂഡ് അനുസരിച്ച് 1 മുതൽ 10 വരെയാണ് അളവുകോലുകൾ. അതിൽ 5-ൽ താഴെയുള്ള അളവുകോലുകൾ അപകടകരമായതല്ല. നേരത്തെ ഉണ്ടായതിൽ 7 കിലോമീറ്ററിൽ താഴെ എന്നുള്ളത് 10-ന് താഴെയാണെങ്കിൽ ചിലപ്പോൾ അറിയുകപോലും ചെയ്യാത്ത വിധത്തിലുള്ള മാഗ്നിറ്റ്യൂഡാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഭൂചലനങ്ങൾ പ്രവചിക്കുന്നതിന് നിലവിൽ സാങ്കേതികവിദ്യകൾ ഇല്ലാത്ത സാഹചര്യത്തിൽ, പ്രദേശത്ത് ആവശ്യമായ ജാഗ്രത പുലർത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജനങ്ങൾക്കുണ്ടാകുന്ന ആശങ്കകൾ ദൂരീകരിക്കുന്നതിനും സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ചും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാനും എവിടെയെങ്കിലും പ്രത്യേക സാഹചര്യമുള്ളതായി അറിവായാൽ അവിടെ ഉടനെതന്നെ ഗ്രാമപഞ്ചായത്തും ജിയോളജി വിഭാഗം ഉദ്യോഗസ്ഥരും ഉൾപ്പെടെയുള്ളവർ പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാനും തഹസിൽദാർക്കും തദ്ദേശസ്വയംഭരണ ജോയിന്റ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

നവമാധ്യമങ്ങളിൽ ജനങ്ങൾക്ക് പരിഭ്രാന്തിയുണ്ടാക്കുന്ന വിധത്തിലുള്ള സന്ദേശങ്ങൾ പ്രചരിക്കുന്നത് തടയുന്നതിനും അനാവശ്യ പ്രചരണങ്ങൾ നടത്തുന്നത് ഒഴിവാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുവാൻ പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽനിന്ന് പുറപ്പെടുവിക്കുന്നതാണ്. ഇതിന്റെ ഭാഗമായി ഒരു ആഴ്ചക്കാലം തുടർച്ചയായി തലപ്പിള്ളി, കുന്നംകുളം മേഖലകളിൽ റ്റി.ഒ.സി. സെന്ററുകൾ ഉൾപ്പെടെ 24 മണിക്കൂർ പ്രവർത്തിക്കാവുന്ന വിധത്തിൽ കാണണമെന്ന് പറഞ്ഞിട്ടുണ്ട്. ആശങ്കപ്പെടേണ്ടതായ സാഹചര്യമില്ലെങ്കിലും ആശുപത്രികളും ഫയർ ഫോഴ്സ് വിഭാഗവും എപ്പോഴും സജ്ജരായിരിക്കണമെന്നും ഒഴിവ് ദിനങ്ങളിലും റവന്യൂ, ഫയർ ഫോഴ്സ്, ജിയോളജി, പോലീസ്, ഹെൽത്ത് തുടങ്ങിയ പ്രധാനപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ സ്ഥലത്തുതന്നെ ഉണ്ടായിരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂകമ്പത്തെ ദേശീയ തലത്തിൽ ദുരന്തമായി അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയുടെ

അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി, അങ്ങിവിടെ ചോദിച്ചതുപോലെ, നിയമപരമായ നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(4) ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ്

ശ്രീ. വാഴൂർ സോമൻ: സർ, ഭാഷാ ന്യൂനപക്ഷങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള തടസ്സം സംബന്ധിച്ചുള്ളതാണ് എന്റെ സബ്മിഷൻ. 1950-ന് മുമ്പ് കേരളത്തിൽ സ്ഥിരതാമസമാക്കിയ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് മാത്രമേ നിലവിലെ നിയമപ്രകാരം ജാതി സർട്ടിഫിക്കറ്റ് നൽകുവാൻ സാധിക്കുകയുള്ളൂ. 50 വർഷങ്ങൾക്ക് മുമ്പ് നടപ്പിലാക്കിയ ഈ നിയമപ്രകാരം മറ്റ് പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ നിയമതടസ്സം നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത നിയമം കാലാനുസൃതമായി ഭേദഗതി വരുത്തേണ്ടത് അനിവാര്യമാണ്.

ബ്രിട്ടീഷുകാരുടെ കാലഘട്ടത്തിൽ കേരളത്തിലേയ്ക്ക് കുടിയേറിയവർക്ക് യാതൊരുവിധ സ്കൂൾ സർട്ടിഫിക്കറ്റുകളോ മറ്റ് അനുബന്ധ രേഖകളോ ഉണ്ടായിരുന്നില്ല. അങ്ങനെ വന്നവരുടെ മക്കൾക്കും മക്കളുടെ മക്കൾക്കും

വിദ്യാഭ്യാസ ആനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനായി താലൂക്ക് ഓഫീസിൽ അപേക്ഷിക്കുമ്പോൾ അച്ഛന്റെയോ അമ്മയുടെയോ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ ആവശ്യപ്പെടുന്നതിനാൽ അത്തരം വിഭാഗത്തിൽപ്പെടുന്ന ജനങ്ങൾ വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ ഇടുക്കി ജില്ലയിൽ ഈ വിഷയം ഉന്നയിച്ച് വിവിധ ജനകീയ സമരങ്ങളും നടക്കുകയുണ്ടായി. അതുപോലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ നിയമ തടസ്സം നിലനിൽക്കുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിവാഹം കഴിച്ച് കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്ക് രേഖകളെല്ലാം കേരളത്തിലേയ്ക്ക് മാറ്റിയതിനാൽ അവർക്ക് സ്വന്തം സംസ്ഥാനത്തും ജാതി സർട്ടിഫിക്കറ്റ് ലഭിക്കുകയില്ല. ഈ നിയമത്തിൽ ഭേദഗതി വരുത്തി 1975-ന് മുമ്പ് കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാൻ തമിഴ് ഭാഷാ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ കമ്മീഷൻ ശിപാർശ സമർപ്പിച്ചിട്ടുള്ളതായി

അറിയാൻസാധിച്ചു. ആയതിനാൽ ഈ വിഷയത്തിൽ പുതിയ നിയമനിർമ്മാണം നടത്താനും ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമാണ് ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വാഴൂർ സോമൻ ഉന്നയിച്ചത് നേരത്തെ ഇവിടെ സംസാരിച്ചതുപോലെ, വളരെ ഗൗരവപ്പെട്ടൊരു വിഷയമാണ്. ആ മേഖലയിലെ ആളുകൾ ചെറിയ പ്രതിസന്ധിയെ നേരിടുന്നുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്.

ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കുടിയേറി പാർത്തവർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള ബുദ്ധിമുട്ടുകൾ ഒരു യാഥാർത്ഥ്യമാണ്. പ്രത്യേകിച്ച് ഇതര സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളെ സംബന്ധിച്ച് ഈ വിഷയം റവന്യൂ ഉദ്യോഗസ്ഥരും പൊതുജനങ്ങളും തമ്മിലുള്ള നിരന്തരമായ തർക്കങ്ങൾക്ക് കാരണവുമാകുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കുടിയേറിയ പട്ടികജാതി, പട്ടിക ഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജാതി

സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കേരള സർക്കാർ 12-02-1986-ൽ ജി.ഒ. (എം.എസ്.) 10/86/SCSTD നമ്പരായി ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം അപേക്ഷകന്റെ മാതാപിതാക്കളോ പൂർവികരോ 1950-ലെ പ്രസിഡൻഷ്യൽ ഓർഡറിന് മുമ്പ് സംസ്ഥാനത്ത് കുടിയേറി സ്ഥിരതാമസമാക്കിയവരും അവരുടെ സമുദായം ഈ സംസ്ഥാനത്തെ പട്ടികജാതി, പട്ടിക ഗോത്ര വർഗ്ഗ പട്ടികയിൽ ഉൾപ്പെട്ടതാകുകയും ചെയ്താൽ അങ്ങനെയുള്ളവർക്ക് ഈ സംസ്ഥാനത്തുനിന്നും അപ്രകാരമുള്ള സർട്ടിഫിക്കറ്റിന് അർഹതയുണ്ടായിരിക്കും. 1950-ന് മുമ്പ് കുടിയേറിയവരുടെ തന്നെ സംഗതിയിൽ അവർ ഈ സംസ്ഥാനത്തെ പട്ടികജാതി,പട്ടിക ഗോത്ര വർഗ്ഗ പട്ടികയിൽ ഉൾപ്പെടാതെ വരുന്ന കേസുകളിൽ അവർക്ക് ഈ സംസ്ഥാനത്തുനിന്നുള്ള പട്ടികജാതി,പട്ടിക ഗോത്ര വർഗ്ഗ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകില്ല. കൂടാതെ, 1950-ന് ശേഷം ഈ സംസ്ഥാനത്ത് കുടിയേറി താമസിച്ച പട്ടികജാതി,പട്ടിക ഗോത്ര വർഗ്ഗ വിഭാഗക്കാർക്ക് അവരുടെ സമുദായം ഈ സംസ്ഥാനത്തെ പട്ടികജാതി,പട്ടിക ഗോത്ര വർഗ്ഗ

വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽപ്പോലും ഈ സംസ്ഥാനത്തുനിന്നും പട്ടികജാതി, പട്ടിക ഗോത്ര വർഗ്ഗ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കില്ല.

ഇത് റവന്യൂ വകുപ്പിന്റെ അഭിപ്രായമല്ല. കേന്ദ്ര ഗവൺമെന്റ് പുറത്തിറക്കിയ നോംസിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ് പുറത്തിറക്കിയ സർക്കുലറിന്റെ ഭാഗമായുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ 08-04-1991-ലെ F. No. 12011/11/94-BCC(C) നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേയ്ക്ക് കുടിയേറി പാർത്ത മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മേൽ നിബന്ധനയോടെ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗ രേഖകൾ 08-03-2019-ന് GO (Rt) 28/2019/BCDD നമ്പർ ഉത്തരവിലൂടെ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പും പിന്നോക്ക ക്ഷേമ വികസന വകുപ്പും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമാണ് റവന്യൂ വകുപ്പ്

സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നത്. അത്രയേ റവന്യൂ വകുപ്പിന് അനുവദിക്കാനാകുകയും ചെയ്യുകയുള്ളൂ. പക്ഷേ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് നിലവിലുള്ള നിബന്ധനകളിൽ മാറ്റം വരുത്തുന്നതിനെ കുറിച്ചും പട്ടികജാതി,പട്ടികവർഗ്ഗം, പിന്നോക്കക്ഷേമം, നിയമ വകുപ്പുകളുമായി ചേർന്ന് വിശദമായൊരു പഠനം നടത്തി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും അങ്ങിവിടെ സൂചിപ്പിച്ച നടപടിക്രമങ്ങളിലേയ്ക്ക് കടക്കാൻ ഈ മൂന്ന് വകുപ്പിന്റെയും മന്ത്രിമാർ ഉൾപ്പെടുന്ന ഒരു യോഗം ചേരാനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അങ്ങയെ അറിയിക്കുകയാണ്.

## (5) ഒരങ്കോകുന്ന്, മണ്ടോപ്പാറ കോളനി നിവാസികൾക്ക് പട്ടയം

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ബാലുശ്ശേരി മണ്ഡലത്തിലെ താമരശ്ശേരി താലൂക്കിലെ കാന്തലാട് വില്ലേജിൽ ഉൾപ്പെട്ട ഒരങ്കോകുന്ന്, മണ്ടോപ്പാറ പ്രദേശത്ത് 52-ഓളം കുടുംബങ്ങൾ വർഷങ്ങളായി വീട് വച്ച് താമസിച്ചുവരുന്നുണ്ട്. റീസർവ്വേ പ്രകാരം പ്രസ്തുത ഭൂമി പാറപുറമ്പോക്ക്

ഭൂമിയായി പരിഗണിക്കപ്പെടുന്ന കാരണത്താൽ ഇവിടെ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുകയോ നികുതി അടയ്ക്കാനുള്ള സൗകര്യം ലഭ്യമാകുയോ ചെയ്തിട്ടില്ല. നാല്-അഞ്ച് സെന്റ് ഭൂമി കൈവശമുള്ളവർക്ക് ലൈഫ് പദ്ധതിയിൽ വീട് നിർമ്മാണത്തിന് ഫണ്ട് അനുവദിക്കപ്പെട്ടിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ജിയോളജി വിഭാഗം സ്ഥലം സന്ദർശിച്ച് പരിശോധന നടത്തുകയും പാറ ഗുണമേന്മയില്ലാത്തതും ഉപയോഗിക്കാൻ കഴിയാത്തതുമാണെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഒരങ്കോകുന്ന്-മണ്ടോപ്പാറ നിവാസികൾക്ക് പട്ടയം നൽകാൻ അടിയന്തര നടപടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് ' എന്ന പ്രഖ്യാപിത ലക്ഷ്യവുമായി മുന്നേറുന്ന സർക്കാർ കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിൽ ഉൾപ്പെട്ട കാന്തലോട്ട് വില്ലേജിലെ ഒരങ്കോകുന്ന്, തലയാട്, മണ്ടോപ്പാറ എന്നീ കോളനികളിലായി താമസിച്ചുവരുന്ന....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, കോളനി എന്ന പദം ഒഴിവാക്കണണമെന്ന് ചെയർ ഉത്തരവിട്ടിട്ടുണ്ടെന്നതിനാൽ ഇന്നുമുതൽ സംസാരിക്കുമ്പോൾ ശ്രദ്ധിക്കണം.

<u>ശ്രീ. കെ. രാജൻ</u>: സർ, പ്രസ്തുത നിർദ്ദേശം നൽകുന്നതിനുമുമ്പ് തയ്യാറാക്കിയ മറുപടിയായതിനാൽ പറഞ്ഞുപോയതാണ്. ഒരങ്കോകുന്ന്, തലയാട്, മണ്ടോപ്പാറ നഗറുകളിൽ താമസിക്കുന്ന 54 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വളരെ ഗൗരവത്തോടെതന്നെയാണ് സർക്കാർ കാണുന്നത്. കാന്തലോട് വില്ലേജിൽ 1961/2, 2006/01 എന്നീ നമ്പറുകളിലുൾപ്പെട്ടതും പാറ, പാറപുറമ്പോക്ക് വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നതുമായ ഭൂമിയുടെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്ന വിഷയം ബഹുമാനപ്പെട്ട അംഗത്തിന്റെ അധ്യക്ഷതയിൽച്ചേർന്ന നിയോജകമണ്ഡലം അസംബ്ലിയിൽ ഉയർന്നുവന്നിട്ടുള്ളതും പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തി ഒന്നാംഘട്ട അദാലത്തിൽ പരിഗണിച്ചിട്ടുള്ളതുമാണ്. ഭൂമി പതിച്ചുനൽകുന്നതിനെ സംബന്ധിച്ച 1964-ലെ കേരള ഭൂമി പതിവ് ചട്ടം 11(8)(1) പ്രകാരം വിലയേറിയ ധാന്യങ്ങളോ

ഖനികളോ അടങ്ങിയിട്ടുള്ളതോ, അടങ്ങിയിട്ടുണ്ടെന്ന് വിശ്വസിക്കപ്പെടുന്നതോ ആയ ഭൂമി 'പതിവ് ' ലിസ്റ്റിൽ ഉൾപ്പെടുത്താൻ പാടില്ല. പാറപുറമ്പോക്ക് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി പാറ ഉൾപ്പെടുന്ന ഒരു വലിയ ഭൂവിഭാഗത്തെ മാറ്റി നിർത്തുന്ന നടപടിയാണ് കേരളത്തിലെ സെറ്റിൽമെന്റ് ഉൾപ്പെടെയുള്ള ഭൂരേഖകളിൽ കാണുന്നത്. ഇത്തരം ഭൂഭാഗങ്ങളിൽ പാറയൊഴികെയുള്ള സ്ഥലത്ത് നിരവധി കുടുംബങ്ങൾ കുടിയേറി താമസിക്കുന്നുണ്ട്. കേരളംപോലെ, ഭൂദൗർലഭ്യം അനുഭവിക്കുന്നൊരു സംസ്ഥാനത്ത് ഇത്തരം കുടിയേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമിയും സർക്കാരിന്റെ കൈവശമില്ല. പ്രസ്തുത സാഹചര്യം നേരിടുന്നതിനായി പാറപുറമ്പോക്ക് ഇനത്തിൽപ്പെട്ട ഭൂമിയിൽ പാറ ഉൾപ്പെടുന്ന ഭാഗം മാത്രം പാറപുറമ്പോക്കായി നിലനിർത്തുകയും പാറ ഒഴികെയുള്ള വാസയോഗ്യമായ ഭൂമി അളന്നുതിരിച്ച് തരിശ് വിഭാഗത്തിലേയ്ക്ക് മാറ്റിയശേഷം കൈവശക്കാരുടെ ഓരോ അപേക്ഷയും പ്രത്യേകം പരിശോധിച്ച് അർഹതാമാനദണ്ഡങ്ങൾക്ക് വിധേയമായി പതിച്ചു നൽകുകയും ചെയ്യുന്നതിനുവേണ്ടി സർക്കാർ പുതിയ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച, കാന്തലോട് വില്ലേജിലെ

പട്ടയ വിഷയം പട്ടയ അദാലത്തിൽ പരിശോധിക്കുകയും തുടർന്ന് ഒരോ കൈവശക്കാരുടെയും നിലവിലെ കൈവശഭൂമിയുടെ വിസ്തീർണ്ണവും പട്ടയത്തിനായി അപേക്ഷിച്ച ഭൂമിയുടെ വിസ്തീർണ്ണവും, പട്ടയം അനുവദിക്കാൻ കഴിയുന്ന ഭൂമിയുടെ വിസ്തീർണ്ണവും വ്യക്തമായി റിപ്പോർട്ട് ചെയ്യുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടർക്ക് ഇതിനോടകംതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം തുടർച്ചയായി ഉന്നയിക്കുന്ന പ്രശ്നമായതുകൊണ്ട് പട്ടയ അദാലത്തിൽ മന്ത്രി എന്ന നിലയിൽ ഞാൻതന്നെ പങ്കെടുത്തുകൊണ്ട് ചേർന്ന യോഗത്തിൽ ഇതുസംബന്ധിച്ച് നേരത്തെ സൂചിപ്പിച്ച തീരുമാനമെടുക്കുകയും ചെയ്തതാണ്. റിപ്പോർട്ട് ഉടനെതന്നെ ലഭ്യമാക്കിക്കൊണ്ട് പട്ടയവിതരണ നടപടികൾ സംബന്ധിച്ച നിയമപരമായ സാധ്യതകൾ പരിശോധിച്ച് അടിയന്തരമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരത്തിൽ നിയമപരമായ എല്ലാ നടപടിക്രമങ്ങളും സമയബന്ധിതമായി പൂർത്തീകരിച്ച് അർഹരായ എല്ലാവർക്കും കാലതാമസംകൂടാതെ പട്ടയം നൽകാനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത

പ്രദേശത്തും അത്തരത്തിൽ പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(6) ജൽജീവൻ പദ്ധതിക്കായി പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കൽ

ശ്രീ. അൻവർ സാദത്ത്: സർ, കേരളത്തിലെ പഞ്ചായത്ത് റോഡുകളും പി.ഡബ്ല്യൂ.ഡി. റോഡുകളും ജനങ്ങൾക്ക് സഞ്ചരിക്കാൻ പറ്റാത്ത വിധത്തിൽ താറുമായി കിടക്കുന്ന വിഷയം സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഈ വിഷയത്തിൽ പഞ്ചായത്ത് മെമ്പർ ഉൾപ്പെടെ, ഞങ്ങളെപ്പോലുള്ള ജനപ്രതിനിധികളെ ജനങ്ങൾ പഴി പറയുകയാണ്, അവരുടെ പരാതികൾ കേട്ട് ഞങ്ങൾ മടുത്തുകഴിഞ്ഞു. അവർ പറയുന്നതിലും വസ്തുതയുണ്ട്, ഈ റോഡുകൾ ഒരിക്കലും നന്നാകുന്നില്ല. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുടെ പരിധിയിലും പി.ഡബ്ല്യൂ.ഡി. പരിധിയിലും വരുന്ന റോഡുകളുടെ പാർശ്വങ്ങളിൽ ജൽജീവൻ മിഷന്റെ കുടിവെള്ള പദ്ധതിക്കായി കുഴിയെടുത്ത് പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുകയും എന്നാൽ സമയബന്ധിതമായി പൂർത്തീകരിക്കാതിരിക്കുകയും ചെയ്തതാണ് ഈ അവസ്ഥയ്ക്ക് കാരണമായത്. എന്റെ നിയോജകമണ്ഡലത്തിലെ ചെങ്ങമനാട്,

നെടുമ്പാശ്ശേരി, ശ്രീമൂലനഗരം, കാഞ്ഞൂർ, ഇടത്തല, കീഴ്മാട് തുടങ്ങിയ പഞ്ചായത്തുകളിലെ കഥ മാത്രമല്ല, ഇവിടെയിരിക്കുന്ന എല്ലാ എം.എൽ.മാരുടെയും മണ്ഡലങ്ങളിലെ ഒട്ടുമിക്ക പഞ്ചായത്തുകളിലെയും ദുരിതമാണിത്, എല്ലായിടത്തും ഇങ്ങനെതന്നെയാണ്, നടക്കാൻ സാധിക്കുന്നില്ല, മഴക്കാലമായതോടെ തെന്നിവീഴുകയാണ്. കുഴികളിൽ വീഴുകയും ആളുകൾക്ക് ഗുരുതരമായ പരിക്കുകളുണ്ടാകുകയും വാഹനാപകടങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു. ഇത്തരം അപകടങ്ങളുണ്ടാകുമ്പോഴും സർക്കാർ നോക്കുകുത്തിയായി തുടരുകയാണ്. ഈ വിഷയത്തിന്മേൽ ഞങ്ങൾ നിരന്തരമായി യോഗങ്ങൾ വിളിച്ചു ചേർക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ടൊരു റോഡാണ് ആലുവ-പെരുമ്പാവൂർ റോഡ്. 10-11-2023-ൽ അതായത്, 7-8 മാസങ്ങൾക്കുമുമ്പ് പൈപ്പിടാൻ പി.ഡബ്ല്യു.ഡി അനുമതി നൽകിയതാണ്. ജൽജീവൻ മിഷന്റെ പദ്ധതി എത്രയുംവേഗം നടപ്പിലാക്കാനുള്ള എൻ.ഒ.സി ലഭ്യമാക്കുന്നതിനുവേണ്ടി എം.എൽ.എ.മാർ മുൻകൈയെടുക്കണമെന്ന് കാണിച്ചുകൊണ്ട് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി അടക്കമുള്ള ഉത്തരവാദപ്പെട്ടവർ ജനപ്രതിനിധികൾക്ക്

കത്ത് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ.മാർ യോഗങ്ങൾ വിളിച്ചുചേർക്കുകയും റോഡ് മുറിക്കുന്നതിനുള്ള പെർമിഷൻ ലഭ്യമാക്കുന്നതിനുള്ള സാഹചര്യമൊരുക്കുകയും ചെയ്തു. ഞാൻ സൂചിപ്പിച്ച ആലുവ-പെരുമ്പാവൂർ റോഡിന്റെ അവസ്ഥ വളരെ ശോചനീയമാണ്, അവിടെയുള്ള ജനങ്ങൾ ജനപ്രതിനിധികളെ പഴിപറയുകയാണ്. എം.എൽ.എ.യുടെ കുഴപ്പംകൊണ്ടാണെന്ന് ഭരണകക്ഷിക്കാർ പറയും, അതുകൊണ്ട് പഴിപറയുന്നതിൽ ജനങ്ങളെ കുറ്റം പറയാനും സാധിക്കില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ അൻവർ സാദത്ത്, ഉന്നയിക്കുന്നത് സബ്മിഷനാണ്, അതിനൊരു സമയപരിധിയുണ്ട്. പ്ലീസ്, കൺക്ലൂഡ്,

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, തടസ്സപ്പെടുത്തരുതേ, വളരെ പ്രധാനപ്പെട്ട വിഷയമായതുകൊണ്ടാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്രതിപക്ഷത്തുള്ളവർ ബഹളം വച്ചതുകൊണ്ട് കാര്യമില്ല.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ആലുവ-പെരുമ്പാവൂർ റോഡിൽ നിറയെ കുഴികളാണ്, സ്ഥിതി ഗുരുതരമാണ്. ജൽജീവൻ മിഷനുവേണ്ടി എൻ.ഒ.സി.

നൽകി 8 മാസം കഴിഞ്ഞിട്ടും പണി പൂർത്തിയാക്കുന്നില്ല. 'കുതിരവട്ടം പപ്പു' സിനിമയിൽ പറഞ്ഞപോലെ "ഇപ്പം ശര്യാക്കിത്തരാം' എന്ന് മന്ത്രി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, ഞങ്ങൾക്ക് പണം കിട്ടാത്തതുകൊണ്ടാണ് പൂർത്തീകരിക്കാൻ കഴിയാത്തതെന്ന് കോൺട്രാക്ടർമാരും പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഞാൻ ഒന്നു ചോദിക്കട്ടെ, കാശില്ലെങ്കിൽ സർക്കാർ ഈ പണിക്ക് പോകേണ്ടതുണ്ടോ; ഇതൊരു ന്യായമായ ചോദ്യമല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം അതിക്രമിച്ചു, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി സംസാരിക്കൂ...

ജലവിഭവ വകുപ്പുമന്ത്രി(ശ്രീ. റോഷി അഗസ്റ്റിൻ): സർ,

ശ്രീ. അൻവർ സാദത്ത്: സർ, (മൈക്ക് ഓഫ്) ഞാൻ പൂർത്തിയാക്കിയില്ല...(ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: നിങ്ങൾ ബഹളം വയ്ക്കേണ്ട. സാധാരണയായി സബ്മിഷന് 2 മിനുട്ടാണ് അനുവദിക്കുന്നത് , ഇപ്പോൾത്തന്നെ മൂന്നര മിനുട്ട് സംസാരിച്ചു, ഏതായാലും കൺക്ലൂഡ് ചെയ്യൂ...

ശ്രീ. അൻവർ സാദത്ത്: സർ, ഗൗരവമായ വിഷയമായതുകൊണ്ടാണ് ഞാൻ ഇക്കാര്യം അവതരിപ്പിച്ചത്, എല്ലാ എം.എൽ.മാരുടെയും വിഷയമാണിത്. ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്, എത്രയുംവേഗം കോൺട്രാക്ടർമാർക്ക് നൽകാനുള്ള പണം നൽകണം, സംസ്ഥാന സർക്കാർ നൽകേണ്ട പദ്ധതി വിഹിതം നൽകി ജൽജീവൻ മിഷന്റെ പദ്ധതി പൂർത്തീകരിച്ച് റോഡ് സഞ്ചാരയോഗ്യമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ബഹുമാനപ്പെട്ട അംഗം അൻവർ സാദത്ത് സബ്മിഷനിലൂടെ ഉന്നയിച്ച വിഷയങ്ങൾ വളരെ ഗൗരവമേറിയതും വിശദാംശങ്ങൾ സഭ അറിഞ്ഞിരിക്കേണ്ടതുമാണ്. ഒരു വിഷയത്തെ അതിന്റെ സമ്പൂർണ്ണ ഗൗരവത്തിലായിരിക്കണം കാണേണ്ടത്. കേരളത്തിൽ സമ്പൂർണ്ണമായി കുടിവെള്ള പദ്ധതി നടപ്പിലാക്കണോ വേണ്ടയോ എന്നുള്ള ചോദ്യം ഒരുവശത്തും അതിനായി റോഡുകൾ മുറിക്കേണ്ടിവരുമെന്ന പ്രശ്നം മറുവശത്തുമായി നിൽക്കുകയാണ്. അതുകൊണ്ടുതന്നെ അതിന്റെ പ്രയോറിറ്റി നിശ്ചയിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് എല്ലാ ഗ്രാമീണ

ഭവനങ്ങളിലും ശുദ്ധജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള ജൽജീവൻ മിഷൻ മെച്ചപ്പെട്ട നിലയിൽ തുടർന്നുവരുന്നുണ്ട്. ഈ പദ്ധതി ആരംഭിക്കുമ്പോൾ കേരളത്തിലെ ഗ്രാമീണ ഭവനങ്ങളിൽ ലഭ്യമാക്കിയിരുന്ന കുടിവെള്ള കണക്ഷൻ 17 ലക്ഷം മാത്രമാണ്. കേരളത്തിലെ ഗ്രാമീണ ഭവനങ്ങളുടെ എണ്ണം 70,85000 ആണ്. കഴിഞ്ഞ രണ്ട് വർഷക്കാലംകൊണ്ട് 17 ലക്ഷം കുടിവെള്ള കണക്ഷന്റെ സ്ഥാനത്ത് 18 ലക്ഷം കണക്ഷനുകൾ പുതുതായി നൽകിയതോടുകൂടി ആകെ 35 ലക്ഷത്തോളം കുടുംബങ്ങളിൽ വെള്ളം എത്തിയിട്ടുണ്ട്. അക്കാര്യത്തിൽ അസഹിഷ്ണുത കാണിക്കേണ്ട കാര്യമില്ല. ഇത് എന്റെ കണക്കല്ല, ജലശക്തിമന്ത്രാലയത്തിന്റെ കണക്കാണ്. കേരളത്തിലെ 22 ശതമാനത്തോളം കുടുംബങ്ങളിൽ കുടിവെള്ള കണക്ഷനുകളാണ് കൊടുത്തിരുന്നതെങ്കിൽ നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏതാണ്ട് 40-50 ശതമാനത്തിനുമുകളിൽ കുടിവെള്ളം കണക്ഷനുകൾ നൽകിയിരുന്ന പശ്ചാത്തലത്തിലാണ് ജൽജീവൻ പദ്ധതി ആരംഭിച്ചത്. ദേശീയ ശരാശരി നോക്കുമ്പോൾ 75 ശതമാനത്തോളം കണക്ഷനുകൾ കൊടുത്തുകഴിഞ്ഞിരിക്കുന്നുവെന്നും ഇക്കാര്യത്തിൽ കേരളം വളരെ പുറകിലാണെന്നുമുള്ള ചില പ്രസ്താവനകൾ പലപ്പോഴും വാർത്തകളിൽ

ഇടംനേടാറുണ്ട്. ഇതിൽ കാണേണ്ട വസ്തുത എന്താണ്? കേരളത്തിലെ കുടിവെള്ള കണക്ഷനുകൾ 22 ശതമാനത്തിൽനിന്നും 52 ശതമാനമായി ഉയർന്നു. അതായത്, ഏകേദശം 30 ശതമാനത്തോളം കുടിവെള്ള കണക്ഷനുകൾ നൽകിക്കഴിഞ്ഞുവെന്നത് ജലശക്തി മന്ത്രാലയത്തിന്റെ കണക്കുകളിൽ വ്യക്തമാക്കിയിരിക്കുന്നത്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ മാറ്റം വരുമ്പോൾ ശേഷിച്ച കണക്ഷനുകൾ കൊടുക്കുന്നതിനാവശ്യമായ നടപടിയാണ് അടിയന്തരമായി ചെയ്യേണ്ടത്. അങ്ങനെ കുടിവെള്ള കണക്ഷനുകൾ കൊടുക്കുന്നതിനാവശ്യമായ മുഴുവൻ തുകയ്ക്കുമുള്ള ഭരണാനുമതി ഇതിനോടകം തന്നെ നൽകിക്കഴിഞ്ഞു. ഏകദേശം നാൽപ്പതിനായിരത്തിൽപരം കോടി രൂപയ്ക്കുമേൽ ഭരണാനുമതി നൽകുകയും നിർമ്മാണപ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരികയുമാണ്. ഇക്കാര്യങ്ങൾ നമ്മളെല്ലാവരും മനസ്സിലാക്കേണ്ടതാണ്. ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് റോഡുകൾ പൊളിക്കുന്ന വിഷയമാണ് ഇവിടെ സബ്മിഷനായി ഉന്നയിച്ചിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകൾ പൊളിക്കുന്നതിന് വാട്ടർ അതോറിറ്റി അടയ്ക്കേണ്ടതായ തുക

പൂർണ്ണമായി അടച്ചുകഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇക്കാര്യത്തിൽ വളരെ നല്ല നിലപാട് സ്വീകരിച്ച വ്യക്തിയാണ്. ചില സന്ദർഭങ്ങളിൽ റോഡുകളുടെ നിർമ്മാണപ്രവൃത്തികൾ നടക്കുമ്പോൾ പൊതുമരാമത്ത്-ജലവിഭവ വകുപ്പുകൾ തമ്മിൽ ആലോചിക്കുകയും ഇതിനായി നിരവധി യോഗങ്ങൾ നടത്തുകയും ചെയ്തെങ്കിലും ചില പ്രദേശങ്ങളിൽ സാങ്കേതികതടസ്സങ്ങൾ ഉണ്ടായെന്നുവരാം. ഇല്ലെന്ന് ഞാൻ പറയുന്നില്ല. പണി പൂർത്തീകരിച്ച റോഡുകൾ ഉടനടി പൊളിക്കേണ്ടിവരുമ്പോൾ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകും. എന്നാൽ അതിനുമുമ്പ് പൈപ്പിട്ട് തീർക്കാൻ കഴിയുമോയെന്ന ആശങ്കയുമുണ്ടാകും. വെറുതെ പൈപ്പ് ലേ ചെയ്താൽ മാത്രം പോരാ, അത് താൽക്കാലികമായി റീസ്റ്റോർ ചെയ്യണം. പക്ഷേ, പൈപ്പ് ലേ ചെയ്ത് പ്രഷർ ടെസ്റ്റ് നടത്തിയതിനുശേഷമല്ലാതെ പൂർണ്ണമായതോതിൽ കോൺക്രീറ്റോ ടാറോ ചെയ്താൽ ആ റോഡ് എങ്ങനെ പൊളിക്കേണ്ടിവരുമെന്ന് ആലോചിക്കണം. അത്തരം കാര്യങ്ങളിൽ ചില ബുദ്ധിമുട്ടുകളുമുണ്ടായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ ഒന്നും രണ്ടും മൂന്നംഘട്ടങ്ങളിലായി പദ്ധതി നടപ്പിലാക്കാൻ തുക അനുവദിച്ചെങ്കിലും റീസ്റ്റോർ ചെയ്യാൻ

പ്രത്യേകമായി തുകയില്ലാത്തതിനാൽ പഞ്ചായത്തുകൾ അത് ചെയ്യണമെന്ന നടപടിയുടെ പശ്ചാത്തലത്തിലാണ് പ്രവൃത്തിയാരംഭിച്ചത്. പക്ഷേ, ഈ പദ്ധതി നടപ്പിലാക്കുന്ന സമയത്ത് ഇത്തരം ബുദ്ധിമുട്ടുകളുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെ 15-ാംധനകാര്യ കമ്മീഷന്റെ അൺടൈഡ് ഫണ്ട് ഉപയോഗിക്കാനുള്ള പെർമിഷൻ നേടിയെടുക്കുകയും മുഴുവൻ ഗ്രാമപഞ്ചായത്തുകൾക്കും അൺടൈഡ് ഫണ്ട് ഉപയോഗിക്കാനുള്ള പെർമിഷൻ കൊടുക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുകയും ചെയ്തു. എന്നാൽ അതുകൊണ്ടൊന്നും പ്രശ്നം തീരുന്നില്ലെന്ന് മനസ്സിലാക്കി. കാരണം, പഞ്ചായത്തുകൾക്ക് അതിനുള്ള ആസ്തിയോ തുകയോ ഇല്ല. അതുകൊണ്ട് ഒന്നും രണ്ടും മൂന്നും സെക്ടറിൽ വന്നത് ആറാമത്തെ സെക്ടറായി വരുന്ന സാങ്ഷണിംഗ് കമ്മിറ്റിയിൽ ആ പഞ്ചായത്തുകളിൽ റീസ്റ്റോർ ചെയ്തില്ലെന്നുണ്ടെങ്കിൽ ചെയ്യാത്ത റോഡുകൾക്ക് റീസ്റ്റോർ ചെയ്യുന്നതിനാവശ്യമായ ഫണ്ട് കൊടുത്തുകൊണ്ടുള്ള ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. റോഡ് പൊളിച്ചെങ്കിലും പൈപ്പ്ലൈൻ പൂർത്തീകരിച്ച് പ്രഷർ ടെസ്റ്റ് നടത്തി പോരായ്മ പരിഹരിച്ചില്ലെങ്കിൽ കുടിവെള്ളം എങ്ങനെ

എത്തിച്ചുകൊടുക്കാൻ സാധിക്കുമെന്ന കാര്യം നാമോരുത്തരും മനസ്സിലാക്കണം. പൊതുമരാമത്ത് വകുപ്പ് ഒരു വർക്ക് നടത്തിയാൽ, ആ കോൺട്രാക്ടർ ഒരു എഗ്രിമെന്റ് വച്ചാൽ ആ എഗ്രിമെന്റ് പീരിയഡ് വരെ വർക്ക് പൂർത്തീകരിക്കാൻ അവർക്ക് സമയം കൊടുക്കേണ്ടേ? അങ്ങനെയുള്ള ചില ബുദ്ധിമുട്ടുകളും തടസ്സങ്ങളും ചില സ്ഥലത്തുണ്ടാകുന്നുണ്ട്. അത് പരിഹരിക്കുകയെന്നതാണ് ഇവിടത്തെ ആവശ്യം. അത് പരിഹരിക്കുന്നതിന് യാതൊരു തരത്തിലുമുള്ള വീഴ്ചയുണ്ടായെന്ന് ഞാൻ മനസ്സിലാക്കുന്നില്ല. അതോടൊപ്പം ആലുവ-പെരുമ്പാവൂർ റോഡിന്റെ കാര്യം പ്രത്യേകമായി പരിശോധിക്കാം. കേരളത്തിൽ എവിടെയെങ്കിലും ഇത്തരത്തിലൊരു പ്രശ്നം രൂപപ്പെട്ടിട്ടുണ്ടെങ്കിൽ ആ റോഡ് പ്രവൃത്തിക്കായുള്ള എഗ്രിമെന്റ് കാലാവധിയായ എട്ട് മാസത്തിനുള്ളിൽ അക്കാര്യം വിശദമായി പരിശോധിക്കാം. ആ എഗ്രിമെന്റ് പീരിയഡ് കഴിഞ്ഞിട്ടും ആ റോഡിൽ പ്രവൃത്തി നടക്കുന്നില്ലെങ്കിൽ പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കാം. എല്ലാ നിയമസഭാമണ്ഡലങ്ങളിലും എം.എൽ.എ.മാരുമായി കണക്ട് ചെയ്ത് മാത്രമാണ് ഈ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുവരുന്നത്. മാത്രമല്ല, ഇത്തരം

പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനവുമുണ്ട്. ചെറിയ തോതിലല്ല, കേരളം മുഴുവൻ സമാനമായി നടക്കുന്ന റോഡ് നിർമ്മാണപ്രവൃത്തി പുരോഗതി പ്രാപിച്ചുകൊണ്ടുവരണം. ഫണ്ടിന്റെ ലഭ്യതയില്ലായ്മയാണ് പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കാരണമെന്ന വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. എന്താണ് യഥാർത്ഥത്തിൽ കാണേണ്ടത്? 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് ജൽജീവൻ മിഷന്റെ ഭാഗമായി കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് 1949.36 കോടി രൂപയാണ് വകയിരുത്തിയത്. അതിൽ ആദ്യ ഗഡുവായി 292.4 കോടി രൂപ അനുവദിച്ചു. സംസ്ഥാന വിഹിതമായി 255.5 കോടി രൂപ അനുവദിച്ച് ഉത്തരവ് കൊടുത്തു. ഇനി വീണ്ടും കേന്ദ്രത്തോട് ആവശ്യപ്പെടും. ഇതിന് സമാനമായ മാച്ചിംഗ് ഷെയർ എല്ലാക്കാലത്തും ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്. ഗവൺമെന്റ് ആ കാര്യത്തിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല. ഇതിനാവശ്യമായ തുക കണ്ടെത്തി ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിലൂടെ എല്ലാ വിഭാഗം ജനങ്ങൾക്കും ശുദ്ധജലലഭ്യത ഉറപ്പുവരുത്താനുള്ള പദ്ധതി പൂർത്തീകരിക്കാൻ കഴിയും. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നേരിടുന്ന ബുദ്ധിമുട്ടുകൾ സഹിഷ്ണുതയോടെ കണ്ട്

നമുക്കൊരുമിച്ച് നിന്ന് നേരിടുകയേ മാർഗ്ഗമുള്ളൂ. അത് എത്രയുംവേഗം ചെയ്തുതീർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാം.

(7) വനത്തിനുള്ളിലെ കളസസ്യങ്ങളുടെ നിർമ്മാർജ്ജനം

ശ്രീ. ലിന്റോ ജോസഫ്: സർ, അധിനിവേശ കളസസ്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും വാണിജ്യ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതും സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. വനത്തിനുള്ളിൽ അധിനിവേശ സസ്യങ്ങളുടെ ദ്രുതഗതിയിലുള്ള വ്യാപനം തനത് സ്വാഭാവിക സസ്യങ്ങളുടെ വളർച്ചയ്ക്ക് വിഘാതമായിരിക്കുകയാണ്. മഞ്ഞക്കൊന്ന, അരിപ്പൂച്ചെടി, ആനത്തൊട്ടാവാടി മുതലായ സസ്യങ്ങൾ അനിയന്ത്രിതമായി വളരുന്നത് വന്യമൃഗങ്ങളുടെ ഭക്ഷണക്രമത്തെ മാത്രമല്ല, സഞ്ചാരസ്വാതന്ത്ര്യത്തെയും ബാധിക്കുന്നു. വന്യമൃഗങ്ങളുടെ വംശവർദ്ധനവും അവയിലുണ്ടായിട്ടുള്ള മാറ്റങ്ങളും പ്രത്യേകിച്ച് ആനപോലുള്ള മൃഗങ്ങൾക്ക് സ്വാഭാവിക വനമില്ലാത്തതുകൊണ്ട് അവർക്കാവശ്യമായ ഭക്ഷണം ലഭിക്കാത്ത സാഹചര്യമുണ്ട്. പന്നിപോലെ ഒറ്റ പ്രസവത്തിൽ കൂടുതൽ കുഞ്ഞുങ്ങളെ ജനിപ്പിക്കുന്ന വന്യമൃഗങ്ങൾ അവരുടെ എണ്ണത്തിലുണ്ടായ വലിയ വർദ്ധനവിന്

സ്വാഭാവിക വനങ്ങളില്ലാത്തത് പ്രതികൂലമായി ബാധിക്കുന്ന സാഹചര്യമുണ്ട്. എല്ലാവർക്കും അറിയാവുന്നതുപോലെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വന്യമൃഗസംരക്ഷണ കേന്ദ്രമായ പറമ്പിക്കുളത്ത് തേക്ക് പ്ലാന്റേഷനാണ്. അതുകൊണ്ടുതന്നെ അവിടെ സ്വാഭാവിക വനത്തിന്റെ വിസ്തൃതി കുറവാണ്. സ്വാഭാവിക വനത്തിന്റെ വിസ്തൃതി കുറവുള്ള സ്ഥലങ്ങളിൽ വന്യമൃഗങ്ങളുടെ സ്വകാര്യമായിട്ടുള്ള വിഹാരം നടക്കാത്തതും ആവശ്യത്തിന് ഭക്ഷണം ലഭ്യമാകാത്തതുമായ സാഹചര്യവുമുണ്ടാകുന്നു. സ്വാഭാവികമായും അത്തരം മൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുകയും കർഷകരുമായി സംഘർഷത്തിലേർപ്പെടുകയും ചെയ്യുന്ന സാഹചര്യം ഇപ്പോൾ കണ്ടുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം പെരുകുന്നതിന് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് അധിനിവേശസസ്യങ്ങളുടെ വ്യാപനമാണെന്നുള്ളതാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇത് നിയന്ത്രിച്ച് അധിനിവേശസസ്യങ്ങളെ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുമോയെന്നാണ് പരിശോധിക്കേണ്ടത്. നമ്മുടെ തൊട്ടടുത്തുള്ള സംസ്ഥാനങ്ങളിൽ ഇത്തരം കളസസ്യങ്ങളെ ഉപയോഗപ്പെടുത്തി വൃക്ഷസ്വഭാവമുള്ള കളസസ്യങ്ങളെ

നിയമാനുസൃതമായ നടപടികളിലൂടെ ലേലം ചെയ്ത് അത് പൾപ്പാക്കി മാറ്റി പേപ്പർ നിർമ്മാണത്തിനും മറ്റുമായി അതുപയോഗപ്പെടുത്തി അതിലൂടെ വരുമാനം കണ്ടെത്തുകയും ചെയ്യുന്ന സാഹചര്യമുണ്ട്. അത്തരം നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നാണ് എന്റെ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അധിനിവേശ സസ്യങ്ങളുടെ വ്യാപനം കുറയുന്നതിനും സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിക്കുന്നതിനും ഇടയാക്കുന്ന നിലയിലുള്ള നടപടി സംസ്ഥാനം വളരെ വേഗത്തിൽ സ്വീകരിക്കുകയും അതുമൂലം വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷം കുറയ്ക്കാനാവശ്യമായ കൃത്യമായ ഇടപെടൽ നടത്താനും കഴിയണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട കാര്യമാണ് സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നത്. വന്യമൃഗശല്യം മലയോരമേഖലയിൽ വലിയ അസ്വസ്ഥത സൃഷ്ടിച്ചുകൊണ്ട് ഇപ്പോഴും തുടരുകയാണ്. ഇതിന് പറയപ്പെടുന്ന കാരണങ്ങളിൽ പ്രധാനപ്പെട്ട ഒന്ന്

വനമേഖലയിലുള്ള വനശോഷണത്തിന്റെ പ്രശ്നങ്ങളാണ്. വനശോഷണം മാത്രമല്ല, അധിനിവേശ സസ്യങ്ങളുടെ സാന്നിധ്യം ജലലഭ്യതയെയും ആവാസവ്യവസ്ഥയെയും വല്ലാതെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച് 17-12-2021-ലെ സർക്കാർ ഉത്തരവുപ്രകാരം ഒരു നയരേഖ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലികപ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ ഏകവിളത്തോട്ടങ്ങളും പരാജിത തേക്ക് തോട്ടങ്ങളും ഉൾപ്പെടെ ഘട്ടംഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനപുനഃസ്ഥാപനം നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 27000 ഹെക്ടർ സ്ഥലത്ത് ഇത്തരത്തിൽ സ്വാഭാവിക വനപുനഃസ്ഥാപനം ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. ഒറ്റയടിക്ക് നടക്കില്ല. എന്നാൽ പരമാവധി കാലപരിധി 20 വർഷമായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. നബാർഡ് പദ്ധതിയിലുൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5585.57 ഹെക്ടർ സ്ഥലത്ത് ജൈവവൈവിധ്യത്തിന്

ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ, സെന്ന, ലെന്റാന, മൈക്കേനിയ തുടങ്ങിയ സസ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഏകവിള തോട്ടങ്ങൾ ബഹുവിള തോട്ടങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി 2023-24, 2024-25 വർഷങ്ങളിലായി വർക്കിംഗ് പ്ലാൻ അംഗീകാരമുള്ള 1532.52 ഹെക്ടർ സ്ഥലത്ത് അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ തോട്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി പ്രസ്തുത തോട്ടങ്ങളിൽനിന്നും ഒരു ലക്ഷം മെട്രിക് ടൺ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിന് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (കെ.പി.പി.എൽ.) എന്ന സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ പരിശോധിക്കണമെന്ന അങ്ങയുടെ നിർദ്ദേശംകൂടി പരിഗണിച്ചുകൊണ്ടാണിങ്ങനെ ചെയ്തത്. വയനാട് ജില്ലയിൽ ധാരാളമായി കണ്ടുവരുന്നതും ജൈവവൈവിധ്യത്തിന് ഭീഷണിയായി മാറിയിട്ടുള്ളതുമായ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സെന്ന മരങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ പൾപ്പ് വുഡായി എടുക്കാൻ തയ്യാറാണെന്ന് പൊതുമേഖലാ സ്ഥാപനമായ

കെ.പി.പി.എൽ. അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം നോർത്ത് വയനാട് ഡിവിഷന്റെ പരിധിയിൽനിന്നും 50000 മെട്രിക് ടൺ സെന്ന മരങ്ങൾ ശേഖരിക്കുന്നതിന് കെ.പി.പി.എൽ.-ന് അനുവാദം നൽകിയിട്ടുണ്ട്. നോർത്തേൺ സർക്കിളിനുകീഴിലുള്ള വയനാട് മേഖലയിലെ വിവിധ ഭാഗങ്ങളിലായി ഏകദേശം അൻപത് ഹെക്ടർ സെന്ന മരങ്ങൾ നിർമ്മാർജ്ജനം ചെയ്യുകയും 110 ഹെക്ടറോളം സെന്ന മരങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവികളുടെ ഭക്ഷ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി കാട്ടിനുള്ളിൽത്തന്നെ ഭക്ഷ്യവൃക്ഷങ്ങളും, അതോടൊപ്പം ഇക്കോ റെസ്റ്റോറേഷന്റെ ഭാഗമായി വന്യമൃഗങ്ങൾക്ക് ജലത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് മുള, ഈറ്റ, പ്ലാവ്, നെല്ലി, കമ്പകം, പൂവം, താന്നി, വേപ്പ്, കുമ്പിൾ, ഞാവൽ, സീതപ്പഴം, മലവേപ്പ് തുടങ്ങി മലയോരസസ്യങ്ങളും 1346.54 ഹെക്ടർ സ്ഥലത്ത് നട്ടുപിടിപ്പിച്ച് ഇതിനോടകം സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കുളങ്ങൾ, നീർച്ചാലുകൾ എന്നിവയിലെ ചെളിയും മണ്ണും നീക്കം ചെയ്യുന്നുണ്ട്.

വനമേഖലയുമായി ചേർന്ന് കിടക്കുന്ന വനഭൂമികളിൽ മഞ്ഞൾ കൃഷി ചെയ്യുന്ന പരീക്ഷണവും ഇതിനകംതന്നെ ആരംഭിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച വന പുനഃസ്ഥാപന നയരേഖ പ്രകാരം കേരളത്തിൽ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം അടിയന്തരമായി നടപ്പിലാക്കുന്നതാണ്. ഇതുകൊണ്ട് വന്യജീവികൾക്ക് അനുയോജ്യമായ ആവാസ വ്യവസ്ഥ കൂടുതൽ മെച്ചപ്പെടുത്താനും അവയ്ക്ക് വനത്തിനുള്ളിൽത്തന്നെ ഭക്ഷണവും ജലലഭ്യതയും ഉറപ്പുവരുത്താനും സാധിക്കും. ഇത് വന്യജീവികൾ വനത്തിൽനിന്ന് പുറത്തേയ്ക്ക് ഇറങ്ങുന്ന പ്രവണത വലിയ തോതിൽ കുറയ്ക്കുന്നതിനും അതിലൂടെ മനുഷ്യ-വന്യജീവി സംഘർഷം കുറച്ച് മലയോര മേഖലയിൽ സമാധാന അന്തരീക്ഷമുണ്ടാകുന്നതിനും സഹായകമായിത്തീരും. ഈ നടപടികളാണ് സർക്കാർ ഇതിനകം സ്വീകരിച്ചിട്ടുള്ളത്.

## (8) ദേശീയപാത നിർമ്മാണത്തിലെ അപാകതകൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നമ്മുടെ സംസ്ഥാനത്ത് ദേശീയപാത നിർമ്മാണം നന്നായി പുരോഗമിക്കുന്നുണ്ട്. അതിനനുസരിച്ച് അതുമായി ബന്ധപ്പെട്ട ദുരന്തവും കൂടിക്കൊണ്ടിരിക്കുകയാണ്. അണ്ടർപാസ്

റോഡ് നിർമ്മിക്കാത്തതും വഴിനടന്ന് പോകാൻ കഴിയാത്തതുമായ പള്ളികളും പൊതുസ്ഥാപനങ്ങളും സ്കൂളുകളുമെല്ലാമുണ്ട്. ഇത്തരം പ്രയാസങ്ങളും പ്രശ്നങ്ങളുമായും ബന്ധപ്പെട്ട് നിരന്തരമായി സമരങ്ങൾ നടന്നുവരുന്നുണ്ട്. എന്റെ മണ്ഡലത്തിലെ രണ്ട് പ്രധാന പ്രയാസങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തി അതിന് പരിഹാരമുണ്ടാക്കുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. സംസ്ഥാന സർക്കാരും പണം മുടക്കുന്നതിനാൽ ഇതിൽ സംസ്ഥാന സർക്കാരിനും ബാധ്യതയുണ്ട്. അതുകൊണ്ടുതന്നെ ദേശീയപാതയാണ് നിർമ്മിക്കുന്നതെന്നുപറഞ്ഞ് മാറിനിൽക്കാതെ അതിന് പരിഹാരം കാണണമെന്ന് പറയാനാണ് ഞാൻ ഈ സബ്മിഷൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

രണ്ടത്താണിയുടെ രണ്ടര കിലോമീറ്റർ ചുറ്റളവിൽനിന്ന് ഡ്രൈയിനേജുവഴി വരുന്ന വെള്ളം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ള അയൂബ്ഖാൻ റോഡിലേയ്ക്കാണ് എത്തിച്ചേരുന്നത്. അതിന് ചുറ്റുപാടും വീടുകളും കടകളുമെല്ലാമുണ്ട്. കഴിഞ്ഞ രണ്ട് വർഷമായി അവിടെ ശക്തമായ മഴ പെയ്തിട്ടില്ല, വളരെ ചെറിയ മഴയാണുണ്ടായത്. പക്ഷേ, ഈ മഴയത്തുപോലും

വെള്ളം ഒലിച്ചുവന്നതിന്റെ ഫലമായി റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമല്ലാതായി മാറിയിരിക്കുകയാണ്. അതിന് തൊട്ടടുത്തുള്ള വീടുകളിലും കടകളിലും വെള്ളം കയറി സാധനസാമഗ്രികളെല്ലാം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായി. അതിനാൽ ആ വീടുകളിൽ താമസിക്കാൻ കഴിയാത്ത അവസ്ഥയാണുണ്ടായത്. അതുകൊണ്ടുതന്നെ ആ റോഡിന്റെ പ്രശ്നം പരിഹരിക്കുന്നതിനായി ഡ്രെയിനേജ് സിസ്റ്റം ഏതെങ്കിലും തരത്തിൽ മാറ്റി സ്ഥാപിക്കുകയോ മറ്റ് മാർഗ്ഗം സ്വീകരിക്കുകയോ ചെയ്തുകൊണ്ട് ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

കുറ്റിപ്പുറം റെയിൽവേ സ്റ്റേഷൻ അങ്ങേയ്ക്കറിയാവുന്നതാണ്. ഈ റെയിൽവേ സ്റ്റേഷന്റെ ഭാഗത്ത് ഏകദേശം ഇരുപത്തിയഞ്ച് മീറ്റർ മണ്ണെടുത്ത് താഴ്ത്തിയാണ് റോഡ് കടന്നുപോകുന്നത്. സൈഡ് റോഡും അതുവഴി തന്നെയാണ് പോകുന്നത്. സൈഡ് റോഡിനുവേണ്ടി താഴ്ത്തിയ ഭാഗത്ത് മുകൾനിരപ്പിലുള്ള ഏകദേശം പത്തോളം വീടുകൾക്ക് പൂർണ്ണമായും വിള്ളലുണ്ടായതിനാൽ അവിടെ താമസിക്കാൻ കഴിയില്ലെന്ന് KNRCL (M/s KNR Constructions Ltd.)-ന്റെ ഉദ്യോഗസ്ഥരും ദേശീയപാത അതോറിറ്റി

എഞ്ചിനീയർമാരും സർട്ടിഫൈ ചെയ്തതിന്റെ അടിസ്ഥാനത്തിൽ അഞ്ച് വീടുകളിലെ ആളുകൾ നിലവിൽ വാടക വീടുകളിലാണ് താമസിക്കുന്നത്. മണ്ണിട്ട് താഴ്ന്ന സ്ഥലത്ത് മണ്ണ് നിറച്ച് വീടുകളുടെ പൊട്ടിയ ഭാഗങ്ങൾ സിമന്റ് തേച്ച് താൽക്കാലികമായി സംരക്ഷിച്ചിരിക്കുകയാണ്. രണ്ട് മാസംകൂടി മഴ പെയ്യുമ്പോൾ ഈ അഞ്ച് വീടുകളും പൂർണ്ണമായും തകരുന്ന അവസ്ഥയുണ്ടാകും. ഒന്നുകിൽ ആ സ്ഥലം ഏറ്റെടുത്ത് അവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള സൗകര്യം നൽകുകയോ ഈ പ്രശ്നം പൂർണ്ണമായും പരിഹരിക്കുന്നതിനുള്ള മറ്റ് നടപടി സ്വീകരിക്കുകയോ ചെയ്യണം. ഈ അഞ്ച് വീട്ടുകാരോടൊപ്പം ബാക്കിയുള്ള വീട്ടുകാരും പ്രയാസത്തിലാണ്. ഈ രണ്ട് പ്രശ്നങ്ങളും പരിഹരിക്കുന്നതിനാവശ്യമായ നടപടിയുടെ ഭാഗമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് KNRCL-യിലെയും ദേശീയപാത അതോറിറ്റിയിലെയും അധികൃതർക്ക് നിർദ്ദേശം നൽകണമെന്ന് അറിയിക്കുന്നതിനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, രണ്ടത്താണി ഭാഗത്ത് NH-66-ൽനിന്നുള്ള ഡ്രെയിനേജ്

വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് നിലവിൽ സ്ലാബ് കൾവെർട്ട് സംവിധാനമാണുള്ളത്. ദേശീയപാത-66 നിർമ്മാണത്തിന്റെ ഭാഗമായി ഇത് പൊളിച്ചുകളഞ്ഞ് ചെയിനേജ് 291+309 ഭാഗത്ത് 2x2 m സൈസിൽ ബോക്സ് കൾവെർട്ട് നിർമ്മിക്കാനുദ്ദേശിക്കുന്നതായി NHAI (National Highways Authority of India) അറിയിച്ചിട്ടുണ്ട്. കൾവെർട്ടിന്റെ വലതുഭാഗത്ത് (rhs- right-hand side) ഉയരം കൂടിയ റോഡിൽനിന്ന് ഇടതുഭാഗത്തേയ്ക്കുള്ള (lhs- left-hand side) ഉയരം കുറഞ്ഞ റോഡിലേയ്ക്ക് സ്വാഭാവിക നീരൊഴുക്ക് സുഗമമാക്കുന്നതിന് ബോക്സ് കൾവെർട്ട് സഹായിക്കും. വലതുഭാഗത്ത് km 290+940 മുതൽ km 292+600 വരെയുള്ള ഭാഗത്തെ വെള്ളം ബോക്സ് കൾവെർട്ടിലൂടെ ഒഴുകി പോകുമെന്നാണ് പറയുന്നത്. ബോക്സ് കൾവെർട്ടിന്റെ വലതുഭാഗത്തും ഇടതുഭാഗത്തുമുള്ള കനാൽ റോഡുകൾ ജനങ്ങൾ വഴിനടക്കുന്നതിനും ഉപയോഗിക്കാറുണ്ട്. ചരിഞ്ഞ ഭൂപ്രകൃതിയുള്ള പ്രദേശത്ത് നിലവിലുള്ള സ്ലാബ് കൾവെർട്ടിലൂടെ സംഭവിക്കുന്ന നീരൊഴുക്ക് ബോക്സ് കൾവെർട്ട് നിർമ്മിച്ചാലുമുണ്ടാകും. ഉയരം കൂടിയ വലതുഭാഗത്ത് വെള്ളം തടസപ്പെടുത്തിയാൽ സർവ്വീസ് റോഡിന് സമാന്തരമായുള്ള റോഡ്

ഉൾപ്പെടെയുള്ള ഭാഗത്ത് കേടുപാടുകൾ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ സ്വാഭാവിക നീരൊഴുക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്. ദേശീയപാത വികസനത്തിന്റെ ഭാഗമായി സർവ്വീസ് റോഡിന് അരികിൽ ഒന്നര മീറ്റർ വീതിയിൽ ഡ്രെയിനേജ് സംവിധാനം ഒരുക്കുന്നുണ്ട്. ദേശീയപാതയിൽനിന്നുള്ള മഴവെള്ളം ഒഴുകിപ്പോകുന്നതിനുവേണ്ടിയാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇത് പൂർത്തിയാകുന്നതോടെ ദേശീയപാതയിൽനിന്നുള്ള മഴവെള്ളം സമീപപ്രദേശങ്ങളിലേയ്ക്ക് ഒഴുകുന്നതിന് ശമനമുണ്ടാകുമെന്ന് ദേശീയപാത അതോറിറ്റി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ദേശീയപാത 66-ലെ ബോക്സ് കൾവെർട്ടിന് സമീപമുള്ള കനാൽ റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഗ്രിൽഡ് കവറോടുകൂടിയ ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുകയോ കനാലിന്റെ ഭാഗത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് കനാലിന് വീതി കൂട്ടുകയോ ചെയ്യാവുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. കുറ്റിപ്പുറം ബംഗ്ലാംകുന്ന് ഭാഗത്ത് 2024 മാർച്ച് മാസത്തിൽ സോയിൽ നെയിലിംഗ് നടത്തിയിരുന്നു. എങ്കിലും 16-04-2024-ൽ,

മുകളിൽനിന്നും മണ്ണൊലിപ്പ് നടക്കുന്നതായും അതിന്റെ പരിണിതഫലമായി സമീപത്തുള്ള വീടുകളിൽ വിള്ളലുകൾ രൂപപ്പെട്ടതായും കണ്ടെത്തി. വിള്ളലുകൾ കണ്ടെത്തിയ ഉടൻതന്നെ അവിടെയുള്ള താമസക്കാരെ മാറ്റി പാർപ്പിക്കുന്നതിനാവശ്യമായ ധനസഹായം നൽകുകയും സ്ഥലപരിശോധന നടത്തിയ ഐ.ഐ.ടി. മദ്രാസിലെ വിദഗ്ധ സംഘത്തിന്റെ നിർദ്ദേശപ്രകാരം വിള്ളലുകൾ പ്രഷർ സിമന്റ് ഗ്രൗട്ടിംഗ് ഉൾപ്പെടെയുള്ള പരിഹാര നടപടികൾ 10-05-2024-ൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുശേഷം വിള്ളലുകൾ രൂപപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല. മണ്ണൊലിപ്പിന്റെ ഫലമായി വിള്ളലുകൾ രൂപപ്പെട്ടതുകാരണം വീടുകൾക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് M/s Samara Consultants and Developers എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയതായും എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം കൺസഷണയറുമായി ചർച്ച ചെയ്ത് ശാശ്വതപരിഹാരത്തിന് നടപടി സ്വീകരിക്കുന്നതാണെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സൂചിപ്പിച്ച കാര്യം പൊതുവെ ദേശീയപാതയുടെ പ്രവൃത്തി

നടക്കുന്ന പലയിടങ്ങളിലെയും പ്രശ്നമാണ്. ബഹുമാനപ്പെട്ട വള്ളിക്കുന്ന് നിയമസഭാ മണ്ഡലത്തിലെ അംഗമുൾപ്പെടെയുള്ള പലരും നേരത്തെ ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇതൊരു പ്രശ്നം തന്നെയാണ്. ടി പ്രശ്നം പരിഹരിക്കാൻ ദേശീയപാത അതോറിറ്റിയോട് നിർദ്ദേശിക്കുന്നതടക്കം അതത് സമയത്ത് സംസ്ഥാന സർക്കാരും പൊതുമരാമത്ത് വകുപ്പും ഇക്കാര്യത്തിൽ ഇടപെടുന്നുണ്ട്. ദീർഘകാലത്തെ നമ്മുടെ ആഗ്രഹമാണ് ഇപ്പോൾ നടപ്പാകുന്നത് എന്നാണ് പൊതുവെ പരിശോധിക്കുമ്പോൾ മനസിലാകുന്നത്. ഇക്കാര്യം ഞാൻ മുമ്പ് നിയമസഭയിൽ പറഞ്ഞിട്ടുള്ളതിനാൽ ആവർത്തിക്കുന്നില്ലെങ്കിലും അതുസംബന്ധിച്ച് പറയാതിരിക്കാൻ കഴിയില്ല. നഷ്ടപ്പെട്ടൊരു പദ്ധതി നടപ്പാക്കുന്നതിന് 2016-ലെ എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം ഇടപെട്ടതിന്റെ ഫലമായി ഇപ്പോൾ അത് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. ചില റോഡ് പ്രവൃത്തിയുടെ ഭാഗമായി ഉണ്ടായിട്ടുള്ള പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കാൻ നമുക്കെല്ലാവർക്കും ഒറ്റക്കെട്ടായി ഇടപെടാം. കേരളത്തിന്റെ സ്വപ്നപദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി ഗതാഗതക്കുരുക്കിന്റെ കാര്യത്തിൽ വലിയൊരു ആശ്വാസമുണ്ടാകുമെന്നുള്ളതും ഞാൻ ഈ സഭയെ അറിയിക്കുന്നു.

(9) ഓട്ടുപാറ ഗവ.ജില്ലാ ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വടക്കാഞ്ചേരി മണ്ഡലത്തിലെ വടക്കാഞ്ചേരി നഗരസഭയിൽപ്പെട്ട ഓട്ടുപാറ ജില്ലാ ആശുപത്രി തലപ്പിള്ളി താലൂക്കിലെ പ്രധാനപ്പെട്ട ഒരു ആതുരാലയമാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് ഒട്ടേറെ വികസനപ്രവർത്തനങ്ങൾ ഈ ആശുപത്രിയിൽ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നേരിട്ടെത്തി വികസനപ്രവർത്തനങ്ങൾ വിലയിരുത്തി നൽകിയ നിർദ്ദേശങ്ങളനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഊർജ്ജിതമായിട്ടുണ്ട്. 2022-23 സംസ്ഥാന ബജറ്റിൽ 2 കോടി രൂപ ഐ.പി. ബ്ലോക്കിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. എന്നാൽ മാസ്റ്റർ പ്ലാൻ അനുസരിച്ച് ബഹുനില കെട്ടിടം, ഐ.പി. ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിന് കൂടുതൽ തുക ആവശ്യമായി വരും. അതിനായി കിഫ്ബിയുടെയോ നബാർഡിന്റെയോ മറ്റ് ഫണ്ടുകൾ വകയിരുത്തണമെന്ന് അഭ്യർഥിക്കുന്നു. ജില്ലാ ആശുപത്രി എന്ന നിലയിൽ കിടത്തി ചികിത്സാ സൗകര്യങ്ങൾ, ഫിസിക്കൽ മെഡിസിൻ, റേഡിയോ തെറാപ്പി, ഡെർമ്മറ്റോളജി, സൈക്യാട്രി, ഡെന്റൽ എന്നീ വിഭാഗങ്ങൾ പുതുതായി

ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന കാഷ്വാലിറ്റി വെർട്ടിക്കൽ എക്സ്റ്റൻഷൻ ബിൽഡിംഗിൽ ഐ.സി.യു. സൗകര്യമേർപ്പെടുത്തണം. ന്യൂ ഒ.പി. ബി ബ്ലോക്ക് വെർട്ടിക്കൽ എക്സ്റ്റൻഷൻ ബിൽഡിംഗ് പൂർത്തിയാക്കാനാവശ്യമായ തുക എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും വകയിരുത്തിയിട്ടുണ്ട്. ഈ കെട്ടിടങ്ങളിൽ ഫയർ ഫൈറ്റിംഗ് സിസ്റ്റവും ഫർണിഷിംഗും ഉപകരണങ്ങളും സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രിയുടെ സന്ദർശനത്തിനുശേഷം 'ലക്ഷ്യ' ബ്ലോക്ക് നിർമ്മാണം പുനരാരംഭിച്ചെങ്കിലും പൂർത്തിയായിട്ടില്ല. ഈ ഗവൺമെന്റ് നടപ്പാക്കിയ ഐസൊലേഷൻ വാർഡ് പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കണം. രോഗികളുടെ കിടക്കകളിലേക്ക് ഓക്സിജൻ എത്തിക്കാൻ കഴിയുംവിധം ഓക്സിജൻ പ്ലാന്റ് പൂർണ്ണമായി സജ്ജമാക്കണം. ഇക്കാലത്തുതന്നെ ആരംഭിച്ച ഡയാലിസിസ് യൂണിറ്റിന്റെ ഷിഫ്റ്റുകൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. District Early Intervention Centre (DEIC), ഐസൊലേഷൻ വാർഡ് എന്നിവയുമായി ബന്ധിപ്പിക്കുന്ന ആശുപത്രിക്കകത്തെ പാസ്സേജ് യാഥാർത്ഥ്യമാക്കണം. വടക്കാഞ്ചേരി ജില്ലാ

ആശുപത്രിയുടെ പ്രവർത്തനവും സമഗ്രവികസനവും സാധ്യമാക്കണമെന്നാണ് ഈ സബ്മിഷൻ വഴി അഭ്യർഥിക്കുന്നത്.

ആരോഗ്യവനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സാധാരണ ഔദ്യോഗിക യോഗങ്ങളിൽ നമുക്ക് മുമ്പാകെ വാക്കുകളിലൂടെയും ചിത്രങ്ങളിലൂടെയും അവതരിപ്പിക്കപ്പെടുന്ന ആശുപത്രികളുടെ പ്രശ്നപരിഹാരം അങ്ങനെ സാധ്യമാക്കുന്നതിനേക്കാൾ വളരെ ഫലപ്രദമാണ് നേരിട്ട് ഒരു ആശുപത്രി അതിന്റെ സമഗ്രതയിലും അവിടത്തെ ജനങ്ങളുടെയും പരിസരത്തിന്റെയും പശ്ചാത്തലത്തിൽ മനസ്സിലാക്കിക്കൊണ്ടുള്ള പ്രശ്നപരിഹാരം എന്നുള്ളത് നേരിട്ട് ബോധ്യമായതിന്റെ ഒരനുഭവമാണ് സംസ്ഥാനത്തെ എല്ലാ താലൂക്കാശുപത്രികളും ജില്ലാശുപത്രികളും സന്ദർശിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ബഹുമാന്യനായ സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ.-യും വടക്കാഞ്ചേരി ജില്ലാ ആശുപത്രിയുടെ സന്ദർശനവേളയിൽ എന്നോടൊപ്പമുണ്ടായിരുന്നു. ദീർഘകാലമായി അവിടെ മുടങ്ങിക്കിടന്ന ഒട്ടേറെ പദ്ധതികൾ പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞു. ലേബർ റൂമിനെ 'ലക്ഷ്യ'

നിലവാരത്തിലേയ്ക്കുയർത്തുന്നതിനുള്ള 2,29,00,000/- രൂപയുടെ നിർമ്മാണപ്രവൃത്തി **COSTFORD** (The Centre of Science and Technology for Rural Development) ആണ് ചെയ്യുന്നത്. ഇപ്പോൾ ഏതാണ്ട് എൺപത് ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇനി ഫ്ലോറിംഗ്, ലക്ഷ്യ സ്റ്റാൻഡേർഡ് അനുസരിച്ചുള്ള ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ ക്രമീകരണങ്ങൾകൂടി നടത്തിയാൽ മതിയാകും. 1,52,00,000/- രൂപയ്ക്ക് ഭരണാനുമതി നൽകിയ ഒ.പി. ബിൽഡിംഗ് ട്രാൻഫോർമേഷന്റെ 80% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്, രണ്ട് മാസത്തിനുള്ളിൽ അതിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ 8,35,00,000/- രൂപയ്ക്ക് ഭരണാനുമതി നൽകിയ കാഷ്വാലിറ്റി വെർട്ടിക്കൽ എക്സ്റ്റൻഷന്റെ 73% പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. രണ്ട് നിലകളുടെയും പുറംവശത്തെയും ഉൾവശത്തെയും പ്ലാസ്റ്ററിംഗ് പൂർത്തിയായിട്ടുണ്ട്. ഇവിടെ ഐ.സി.യു. സംവിധാനമുൾപ്പെടെ ഏർപ്പെടുത്തുന്നത് സംബന്ധിച്ച കാര്യങ്ങൾ പരിഗണനയിലാണ്, ഏതാനും മാസങ്ങൾക്കുള്ളിൽ അതിന്റെയും നിർമ്മാണപ്രവൃത്തി പൂർത്തിയാകും.

ബഹുമാനപ്പെട്ട എ.എൽ.എ. ഇവിടെ സൂചിപ്പിച്ച ഫയർ ആൻഡ് സേഫ്റ്റി സംവിധാനമേർപ്പെടുത്തുന്നതിന് 2024-25 സാമ്പത്തിക വർഷത്തെ എൻ.എച്ച്.എം-ROP-യിലുൾപ്പെടുത്തി 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അവിടെയൊരു ഐസൊലേഷൻ വാർഡ് പൂർത്തിയാക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തിരുന്നു. അവിടേയ്ക്ക് ഇലക്ട്രിക്കൽ കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ഈ ആശുപത്രിയിൽ District Early Intervention Centre (DEIC), നിർമ്മാണം പൂർത്തിയായ ഐസൊലേഷൻ വാർഡ് എന്നിവ ആശുപത്രിയിൽനിന്നും ഏതാണ്ട് 500 മീറ്ററോളം അകലെയാണുള്ളത്. ഇവിടെ എത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട എം.എൽ.എ. പാസ്സേജിന്റെ ആവശ്യമുന്നയിച്ചത്, അത് നിർമ്മിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. അതോടൊപ്പംതന്നെ ആശുപത്രിയിലെ ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും കമ്മീഷൻ ചെയ്തിട്ടില്ല. ചില അറ്റകുറ്റപ്പണികൾ

ചെയ്യുന്നതിനായി KMSCL (Kerala Medical Services Corporation Limited)-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് ത്വരിതഗതിയിൽ പൂർത്തിയാക്കി പ്രവർത്തനമാരംഭിക്കാൻ കഴിയുന്നതാണ്. അടുത്തതായി തസ്തികകളെ സംബന്ധിച്ച കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. ആർദ്രം സ്റ്റാൻഡേർഡൈസേഷൻ പ്രകാരമുള്ള ഗ്യാപ്പ് അനാലിസിസ് നടത്തി അംഗം ഇവിടെ ഉന്നയിച്ച ഡിപ്പാർട്ടുമെന്റുകൾകൂടി അവിടെ അനുവദിക്കാമോ എന്നുള്ളത് സർക്കാർ തീർച്ചയായും പരിശോധിക്കുന്നുണ്ട്. ഐ.പി. ബ്ലോക്കിനായി ഈ ബജറ്റിൽ 20% തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അവിടെ 117 അംഗീകൃത കിടക്കകളുണ്ടെങ്കിലും നിലവിൽ 98 പേർക്കുള്ള കിടത്തി ചികിത്സാ സൗകര്യം മാത്രമേ ലഭ്യമാക്കാൻ സാധിക്കൂ. 1500-ഓളം ഒ.പി.-യാണ് അവിടെയുള്ളത്. അക്കാര്യത്തിൽ BHS (Basic Healthcare Services)-ന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കും. ഡയാലിസിസ് യൂണിറ്റിന്റെ കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതുവരെ അവിടെ ഒരു ഷിഫ്റ്റ് മാത്രമാണ്

ഉണ്ടായിരുന്നത്. ഈ മാസം മുതൽ രണ്ട് ഷിഫ്റ്റുകൾ തുടങ്ങുന്നതാണ്. നിലവിൽ പതിനാല് രോഗികൾക്ക് ഈ സേവനം നൽകിവരുന്നുണ്ട്.

(10) <u>പി.ആർ.എസ്. വായ്പാ പദ്ധതി</u>

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, നമ്മുടെ സംസ്ഥാനത്തെ നെൽകർഷകർ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി നെല്ല് സംഭരണവുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകളും നെല്ലിന്റെ വില ലഭിക്കാൻ നേരിടുന്ന കാലതാമസവുമാണ്. സപ്ലൈകോ നൽകുന്ന പി.ആർ.എസ്. (പാഡി റെസീപ്റ്റ് ഷീറ്റ്) അടിസ്ഥാനപ്പെടുത്തി 2022-23 വരെ കേരള ബാങ്കാണ് ഈ പണം നൽകിയിരുന്നത്. പി.ആർ.എസ്. കൊടുത്താൽ അപ്പോൾത്തന്നെ പണം ലഭിക്കുമായിരുന്നു. കഴിഞ്ഞ പതിമൂന്ന് വർഷക്കാലം സുഗമമായി നടന്നുവന്ന സംവിധാനം 2022-23 മുതൽ എസ്.ബി.ഐ., കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ചാണ് നടപ്പാക്കിവരുന്നത്. എന്നാൽ ഈ പൊതുമേഖലാ ബാങ്കുകൾ നിരവധി നിബന്ധനകളും കർശന നിലപാടുകളും സ്വീകരിക്കുന്നതുമൂലം കർഷകർക്ക് പണം ലഭിക്കാൻ കാലതാമസം നേരിടുകയാണ്. മാത്രമല്ല, കേരളാ ബാങ്ക്

7.65% പലിശ നൽകാൻ തീരുമാനിച്ചപ്പോൾ ബാങ്കുകളുടെ കൺസോർഷ്യം 9.30% പലിശയാണ് നൽകുന്നതെന്ന് തോന്നുന്നു. സർക്കാരിനും ഇതുമൂലം വലിയ ബുദ്ധിമുട്ടാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പി.ആർ.എസ്. വായ്പാ പദ്ധതി കേരളാ ബാങ്ക് മുഖേന നടത്തുന്നതാണ് കൃഷിക്കാർക്ക് നല്ലത്. ഇതിലൂടെ സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ സാധിക്കും. കേരളാ ബാങ്കിനെയും പ്രൈമറി സഹകരണ ബാങ്കുകളെയും കൂട്ടിയോജിപ്പിച്ച് അവർ മുഖാന്തരം പി.ആർ.എസ്. വായ്പ നൽകുന്ന സമീപനം സ്വീകരിച്ചാൽ കൃഷിക്കാർക്കും സഹകരണ മേഖലയ്ക്കും ഗവൺമെന്റിനും അത് വലിയൊരു സഹായമാകും. ആ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി(ശ്രീ. ജി. ആർ. അനിൽ): സർ, ദേശീയതലത്തിൽ നടപ്പാക്കിവരുന്ന വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്ത് നെല്ല് സംഭരണം നടന്നുവരുന്നത്. കേന്ദ്ര സർക്കാർ നൽകേണ്ട താങ്ങുവിലയോടൊപ്പം സംസ്ഥാന പ്രോത്സാഹന ബോണസ്സുകൂടി ചേർത്താണ് കർഷകർക്ക് സംഭരണ വില നൽകിവരുന്നത്.

പദ്ധതിപ്രകാരം സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനംവഴി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിനുശേഷമേ കേന്ദ്ര സർക്കാർ താങ്ങുവിലയുടെ ക്ലെയിം പ്രോസസ്സ് ചെയ്യുകയുള്ളൂ. ഇതിന് ആറ് മുതൽ എട്ട് മാസംവരെ കാലതാമസം വരികയാണ്. കർഷകരിൽനിന്നും നെല്ല് അളന്നെടുത്തതിനുശേഷം വരുന്ന കാലതാമസം ഒഴിവാക്കാനാണ് ബാങ്കുകളുടെ സഹായത്തോടെ സപ്ലൈകോ ഗ്യാരണ്ടി നിന്ന് പി.ആർ.എസ്. വായ്പ ലഭ്യമാക്കുന്നത്. സർക്കാർ വിഹിതം ലഭിക്കുന്ന മുറയ്ക്ക് ഈ വായ്പകൾ സപ്ലൈകോ തിരിച്ചടവ് വരുത്തുന്ന വിധത്തിലാണ് പി.ആർ.എസ്. വായ്പാ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. വിവിധ ബാങ്കുകൾ പി.ആർ.എസ്. വായ്പാ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. 2021-22-ൽ കേരളാ ബാങ്കുൾപ്പെടെ 11 ബാങ്കുകളാണ് പി.ആർ.എസ്. വായ്പ നൽകിയിരുന്നത്. സർക്കാർ വിഹിതം വൈകുന്നതുമൂലം വൻതോതിലുള്ള പലിശ ബാധ്യതയും സപ്ലൈകോയ്ക്ക് ഉണ്ടായിട്ടുണ്ട്. 18-11-2021-ൽ കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പി.ആർ.എസ്. വായ്പാ വിതരണത്തിനായി ബാങ്കുകളുടെ ടെണ്ടർ വിളിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്കിലേയ്ക്ക് മാറ്റാൻ

നിർദ്ദേശിച്ചതിന്റെയടിസ്ഥാനത്തിൽ 11-02-2022-ന് ബാങ്കുകളുടെ യോഗം വിളിച്ചുചേർക്കുകയും തുടർചർച്ചകൾ നടത്തുകയും ചെയ്തു. എസ്.ബി.ഐ. 6.9% പലിശയ്ക്ക് വായ്പ തരാൻ തയ്യാറായപ്പോൾ 8.5% പലിശയ്ക്ക് താഴെ നൽകാൻ കഴിയില്ലെന്നാണ് കേരളാ ബാങ്ക് അന്ന് അറിയിച്ചത്. പിന്നീട് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ 7.65% പലിശയ്ക്ക് വായ്പ നൽകാൻ അഭ്യർത്ഥിച്ചെങ്കിലും കേരളാ ബാങ്കിന് അതിന് കഴിയാത്ത സാഹചര്യമാണുണ്ടായത്. ആ സ്ഥിതിയിൽ ബാങ്കുകളുടെ കൺസോർഷ്യവുമായി കരാറിലേർപ്പെടുകയായിരുന്നു. എന്നാൽ കേരളാ ബാങ്കിൽനിന്നും പിന്നീട് പി.ആർ.എസ്. വായ്പകൾ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിലും പി.ആർ.എസ്. വായ്പാ പദ്ധതിയുമായി കേരളാ ബാങ്കിനെ സഹകരിപ്പിക്കണമെന്നുതന്നെയാണ് വകുപ്പ് ആഗ്രഹിക്കുന്നത്. കേരളാ ബാങ്കിനെ പി.ആർ.എസ്. വായ്പാ പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്.